കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
## ജില്ലാ ഓഡിറ്റ് കാര്യാലയം
## പാലക്കാട്

www.lfa.kerala.gov.in

E-mail: dopkd.ksad@kerala.gov.in

# കണ്ണാടി ഗ്രാമപഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട്
## 2017-18

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ–പികെഡി15/774/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്,

തീയതി: 18.07.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കണ്ണാടി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം :- കണ്ണാടി ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കണ്ണാടി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 15(1), 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:-

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
3. കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-പികെഡി15/774/2019 തിയ്യതി:18.07.2019

## പാലക്കാട് ജില്ലയിലെ കണ്ണാടി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ കണ്ണാടി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1.7.2017മുതൽ 7.5.2019 തിയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിന് മാത്രമാണ് മറുപടി ലഭിച്ചിട്ടുള്ളത്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | മേരി ഹണി ജോസഫ് ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 8-5-2019മുതൽ 16-5-2019വരെ വരെ |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| ക്രമ നം | പേര് | ഉദ്യോഗപ്പേര് |
|---|---|---|
| 1 | ശ്രീ.എൻ.സുമേഷ് | ഓഡിറ്റ്ഓഫീസർ |
| 2 | ശ്രീമതി .സുസ്മിത.കെ.വി | അസി.ഓഡിറ്റ് ഓഫീസർ |
| 3 | ശ്രീമതി.രമാദേവി.കെ.ആർ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| 4 | ശ്രീ വിജയൻ .പി | ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.കെ.എ.വേണുഗോപാൽ | 1-4-2017 മുതൽ 31-3-2018 വരെ |
| സെക്രട്ടറി | ശ്രീ.കെ.ഡി.ഹരേഷ് | 1-4-2017 മുതൽ 31-3-2018 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി. എഞ്ചിനിയർ | ശ്രീ.പാർവതി | 1.4.2017മുതൽ 27.6.2017FN വരെ |
| | ശ്രീ.ശശികുമാർ | 27.6.17AN മുതൽ 8.2.18 |
| | ശ്രീ.സേതു | 9.2.18 മുതൽ 27.2.18 |
| | ശ്രീ.പവൻകുമാർ.സി | 28.2.18 മുതൽ 31.3.18 |
| അസി.സെക്രട്ടറി | ശ്രീമതി.ജലജകുമാരി | 1.4.2017മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (അലോപ്പതി) | ഡോ. സുമയ്യ | 1.4.2017മുതൽ 19.06.2017 വരെ |
| | ഡോ.പ്രഭാകരൻ.വി | 20.06.2017 മുതൽ 1.08.2017 വരെ |
| | അദിതി | 2.8.17 മുതൽ 31.3.18 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ലിജി | 1.4.2017മുതൽ 9.7.17 |
| | ഡോ. ഉഷാകുമാരി | 10.7.17 മുതൽ 31.3.2018 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.നിഷ | 1.4.2017 മുതൽ 31.3.2018 വരെ |
| വെറ്ററിനറി സർജൻ | ഡോ.ശ്രീദേവി | 1.4.2017 മുതൽ 31.3.2018 വരെ |
| വി.ഇ.ഒ | ശ്രീമതി.രജിത | 1.4.2017 മുതൽ 31.3.2018 വരെ |
| കൃഷി ഓഫീസർ | ശ്രീ. രാജൻ | 1.4.2017 മുതൽ 31.3.2018 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.കുമാരി | 1.4.2017 മുതൽ 31.3.2018 വരെ |

| | | |
|---|---|---|
| ഹെഡ്മാസ്റ്റർ | ശ്രീമതി.ലൈല | 1.4.2017 മുതൽ 31.3.2018 വരെ |
| ഡയറി. എക് സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.ജയലക്ഷ്മി | 1.4.2017 മുതൽ 31.03.2018 വരെ |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

19.3.2017 തീയതിയിലെ 1തീരുമാന പ്രകാരം ബജറ്റ് അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-7-18 | 22.5.18 | - | - |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2017-18 | 12.7.18 & 13.7.18 | KSAPKD(21)/1904(57) തിയതി 29.8.18 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 13592895 |
| വരവ് | 62043710 |
| ആകെ | 75636605 |
| ചെലവ് | 69042318 |
| നീക്കിയിരിപ്പ് | 6594287 |

# 1-5 ഫണ്ട് വിനിയോഗം

<table>
<tr><th colspan="2">ഫണ്ടിനം</th><th>ഒ.ബി</th><th>വരവ്</th><th>ആകെ</th><th>ചെലവ്</th><th>സി.ബി</th></tr>
<tr><td colspan="2">വികസന ഫണ്ട്-ജനറൽ (ACR പ്രകാരം)</td><td>0</td><td>12254000</td><td>12254000</td><td>10239725</td><td>2014275</td></tr>
<tr><td colspan="2">വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം)</td><td>0</td><td>11245129</td><td>11245129</td><td>9520454</td><td>1724675</td></tr>
<tr><td colspan="2">മെയിന്റനൻസ്, റോഡ് (ACR പ്രകാരം)</td><td></td><td>8739000</td><td>8739000</td><td>4903109</td><td>3835891</td></tr>
<tr><td colspan="2">മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം)</td><td></td><td>2689000</td><td>2689000</td><td>1630188</td><td>1058812</td></tr>
<tr><td colspan="2">സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്<br>(ACR പ്രകാരം)</td><td></td><td>5754787</td><td>5754787</td><td>4910330</td><td>844457</td></tr>
<tr><td colspan="2">കെ.എൽ.എസ്. ജി.ഡി.പി (ACR പ്രകാരം)</td><td></td><td>1630434</td><td>1630434</td><td>1318838</td><td>311596</td></tr>
<tr><td colspan="2">കെ.എൽ.എസ്. ജി.ഡി.പി - state</td><td></td><td>763816</td><td>763816</td><td>0</td><td>763816</td></tr>
<tr><td colspan="2">ലക്ഷം വീട്,</td><td>425715</td><td>14888</td><td>440603</td><td>425928</td><td>14675</td></tr>
<tr><td colspan="2">നിർമ്മൽ പുരസ്കാരം</td><td>19350</td><td>871</td><td>20221</td><td>0</td><td>20221</td></tr>
<tr><td colspan="2">ദുരിതാശ്വാസം</td><td>6315</td><td>305</td><td>6620</td><td>0</td><td>6620</td></tr>
<tr><td rowspan="2">എം.ജി.എൻ.ആർ.ഇ. ജി.എസ്</td><td>തൊഴിലാളികളുടെ കൂലി</td><td></td><td>12244037</td><td>12244037</td><td>12244037</td><td>0</td></tr>
<tr><td>അഡ്മിനിസ്ട്രേറ്റീവ് ചെലവ്</td><td>20518</td><td>1047465</td><td>1067983</td><td>1067500</td><td>483</td></tr>
<tr><td rowspan="2">ജോയിന്റ് വെഞ്ചർ അക്കൗണ്ട്</td><td>ബ്ലോക്ക് പഞ്ചായത്ത്</td><td>1600</td><td>1526000</td><td>1527600</td><td>1527600</td><td rowspan="2">-899238*</td></tr>
<tr><td>ജില്ലാ പഞ്ചായത്ത്</td><td>0</td><td>220000</td><td>220000</td><td>160000</td></tr>
<tr><td colspan="2">ബി ഫണ്ട്</td><td>0</td><td>1789011</td><td>1789011</td><td>1789011</td><td>0</td></tr>
<tr><td colspan="2">ജനറൽ പർപ്പസ് ഗ്രാന്റ് & മറ്റിനം (TSB A/C)</td><td>8516344</td><td>11576399</td><td>20092743</td><td>18968657</td><td>1124086</td></tr>
<tr><td colspan="2">തനത് ഫണ്ട് (SBT)</td><td>4471373</td><td>14858503</td><td>19329876</td><td>13069479</td><td>6260397</td></tr>
</table>

* Joint venture account – R&P a/c പ്രകാരമുള്ള വരവ് ചെലവാണ് (Redemption

ഉൾപ്പെടെ) ചേർത്തിട്ടുള്ളത്.

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നട പ്പാക്കി യത് | പദ്ധതി ചെലവ് | നടപ്പാ ക്കാത്തവ (എണ്ണം) | പൂർത്തീ കരിച്ച പ്രോജ ക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 205 | 72313144 | 122 | 36732382 | 83 | 60 |

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 20518 | 1047465 | 1067983 | 1067500 | 483 |
| ഗുണഭോക്താ ക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 12244037 | 12244037 | 12244037 | 0 |

# 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 55080 | 99 |
| കർഷക തൊഴിലാളി പെൻഷൻ | 10976800 | 846 |
| വിധവാ പെൻഷൻ | 10035800 | 840 |
| വാർദ്ധക്യകാല പെൻഷൻ | 14241700 | 1142 |
| വികലാംഗ പെൻഷൻ | 2539500 | 221 |
| 50 വയസ്സ് അവിവാഹിതരായവർക്കുള്ള പെൻഷൻ | 522100 | 141 |

# 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 8-5-2019 ന് 2.35 pm ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 14188 രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു

# 1-10 ആഭ്യന്തര നിയന്ത്രണം

രജിസ്റ്ററുകളും രേഖകളും പൊതുവെ തൃപ്തികരമായി സൂക്ഷിച്ചു വരുന്നുണ്ട്. എന്നാൽ മിനുട്സ് ബുക്കുകൾ (ഭരണസമിതി മിനുട്സ്) കൃത്യമായി സൂക്ഷിച്ചിട്ടില്ല. മിനുട്സ് ബുക്കിന്റെ പല പേജുകളിലും രേഖപ്പെടുത്തലുകളില്ല. ചില തീയതികളിലെ മിനുട്സിൽ കൂട്ടിചേർക്കലുകൾ നടത്തിയതായും കാണുന്നു. നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ കൂടുതൽ കാര്യക്ഷമത പുലർത്തേണ്ടതാണ്.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27-4-19 & 28-4-19 | 2/19,& 3/19 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 1-4-11 മുതൽ 12-4-11 | 2006-07 മുതൽ 2010-11 | 12-05-11, നം എൽ.ബി.എ (എച്ച്.ക്യൂ. ) VI/ 8 A/ 1727/Dis.No 44/10-5-11 |

# 1-12 വാർഷികകണക്കുകളിലെ അപാകതകൾ

ഓഡിറ്റ് സർട്ടിഫിക്കറ്റിൽ പരാമർശിച്ച അപാകതകൾ നിലനിൽക്കുന്നു.

# ഭാഗം -2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

# 2-1 തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിലെ അപാകതകൾ

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 (ii) ബി പ്രകാരം അറുപത് ദിവസത്തിൽ കുറയാതെ പഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് പഞ്ചായത്ത് പ്രദേശത്തോ അതിനു വെളിയിലോ ഒരു തൊഴിലിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ് നടത്തുകയോ ആയതിൽ നിന്ന് എന്തെങ്കിലും ആദായം ലഭിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന ഏതൊരാളും തൊഴിൽ നികുതി നൽകുവാൻ ബാദ്ധ്യസ്ഥനാണ്.

എ. കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

തൊഴിൽ നികുതി രജിസ്റ്ററുകൾ മറ്റ് അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചപ്പോൾ 2017-18 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിൽ നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയിട്ടുള്ള കരാറുകാർ ആരും തന്നെ തൊഴിൽനികുതി ഒടുക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പേരും മേൽവിലാസവും | ഏറ്റെടുത്ത പ്രവൃത്തികളുടെ എണ്ണം |
|---|---|---|
| 1 | പി.സുരേഷ്കുമാർ, പി.ഡബ്ല്യു.ഡി കോൺട്രാക്ടർ, കൊല്ലങ്കോട്ട്പറമ്പ്, കണ്ണാടി | 18 |
| 2 | കെ.ജയരാജ്, പി.ഡബ്ല്യു.ഡി കോൺട്രാക്ടർ,, ഗോകുലം, കണ്ണാടി | 7 |
| 3 | എ.കെ.കൃഷ്ണരാജ്<br>പി.ഡബ്ല്യു.ഡി കോൺട്രാക്ടർ, എൽ.എൻ.പുരം, പാലക്കാട് | 13 |
| 4 | കെ.ടി.സുനിൽകുമാർ,<br>പി.ഡബ്ല്യു.ഡി കോൺട്രാക്ടർ, പാത്തിക്കൽ, കണ്ണാടി | 4 |
| 5 | പി.എൽ.ആന്റണി,<br>പി.ഡബ്ല്യു.ഡി കോൺട്രാക്ടർ, കണ്ണാടി | 2 |
| 6 | എ.ജഗദീഷ്, പി.ഡബ്ല്യു.ഡി കോൺട്രാക്ടർ, , ചിതലി കുഴൽമന്ദം, | 3 |
| 7 | എം.ചന്ദ്രൻ, പി.ഡബ്ല്യു.ഡി കോൺട്രാക്ടർ,, എം.വി.എസ് ഹൗസ്, വാണിയപറമ്പ്, തേങ്കുറിശ്ശി | 7 |
| 8 | കെ.ആർ.സജു, പി.ഡബ്ല്യു.ഡി കോൺട്രാക്ടർ, , കടലക്കുറിശ്ശി കണ്ണാടി | 13 |

| | | |
|---|---|---|
| 9 | അരുൾ.വി, കോൺട്രാക്ടർ, , പൂവക്കോട്കളം, മണലൂർ, കണ്ണാടി | 4 |
| 10 | പി.കെ.ശിവദാസ്<br><br>പി.ഡബ്ല്യ.ഡി കോൺട്രാക്ടർ, , പേഴുംപള്ളം, കണാശ്ശേരി | 7 |
| 11 | സി.മുകുന്ദൻ, പി.ഡബ്ല്യ.ഡി കോൺട്രാക്ടർ, പാണ്ടിയോട് ,കണ്ണാടി | 2 |
| 12 | കെ.വി.രമേഷ്, ആലിങ്ങോട്ട്കളം, കാവശ്ശേരി, ആലത്തൂർ | 1 |

ബി. സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2017-18 വർഷത്തിലെ രണ്ട് അർദ്ധ വർഷത്തിലേയും സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടുള്ളതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | റിമാർക്സ് |
|---|---|---|
| 1 | ക്ഷീരോത്പാദക സഹകരണ സംഘം, കാഴ്ചപ്പറമ്പ് | I & II അർദ്ധ വർഷം |
| 2 | ക്ഷീരോത്പാദക സഹകരണ സംഘം, പാത്തിക്കൽ | I & II അർദ്ധ വർഷം |
| 3 | ക്ഷീരോത്പാദക സഹകരണ സംഘം, കാടാക്കുറുശ്ശി | I & II അർദ്ധ വർഷം |
| 4 | ക്ഷീരോത്പാദക സഹകരണ സംഘം, തരുവാക്കുറുശ്ശി | I & II അർദ്ധ വർഷം |
| 5 | ക്ഷീരോത്പാദക സഹകരണ സംഘം ഉപ്പുംപാടം | I & II അർദ്ധ വർഷം |
| 6 | പാലക്കാട് കോ-ഓപ്പറേറ്റിവ് അർബൻ ബാങ്ക്, കിണാശ്ശേരി | I & II അർദ്ധ വർഷം |
| 7 | ഇസാഫ് സ്മാൾ ഫിനാൻസ് ബാങ്ക്, കുഴൽമന്ദം | I & II അർദ്ധ വർഷം |
| 8 | ശാരദാ ലഗേജ് ഇൻഡസ്ട്രീസ് | രണ്ടാം അർദ്ധ വർഷം |

സി.<u>തൊഴിൽനികുതി അടച്ചിട്ടില്ല</u>

തൊഴിൽനികുതി രജിസ്റ്റർ പ്രകാരം ഡിമാന്റ് ചെയ്തിരിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർ 2017 18 വർഷത്തെ തൊഴിൽനികുതി അടച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | തൊഴിൽനികുതി അടക്കാനുള്ളത് |
|---|---|---|
| 1 | കണ്ണാടി സഹകരണ ബാങ്ക് കണ്ണാടി | രണ്ടാം അർദ്ധ വർഷം |
| 2 | ശാരദാ ലഗേജ് ഇൻഡസ്ട്രീസ് | രണ്ടാം അർദ്ധ വർഷം |
| 3 | ഉദയാ ആയുർവേദ സെന്റർ | I & II അർദ്ധ വർഷം |
| 4 | നെഹ്റു കോ-ഓപ്പറേറ്റിവ് കോളേജ്, കണ്ണാടി | I & II അർദ്ധ വർഷം |
| 5 | സബ് പോസ്റ്റ് മാസ്റ്റർ, കിണാശ്ശേരി | I & II അർദ്ധ വർഷം |
| 6 | കണ്ണാടി സഹകരണ അർബൻ ക്രെഡിറ്റ് സൊസൈറ്റി | I & II അർദ്ധ വർഷം |
| 7 | പ്ലാൻ സർജിക്കൽ, വടക്കുമുറി | രണ്ടാം അർദ്ധ വർഷം |
| 8 | കുഴൽമന്ദം ബ്ലോക്ക് ക്രെഡിറ്റ് സൊസൈറ്റി | I & II അർദ്ധ വർഷം |
| 9 | ഡ്രൈവർ, കണ്ണാടി ഗ്രാമപഞ്ചായത്ത് | I & II അർദ്ധ വർഷം |

ഡി.<u>തൊഴിൽനികുതി ഒടുക്ക് വരുത്തിയതിൽ കുറവ്</u>

തൊഴിൽനികുതി പത്രിക രജിസ്റ്റർ പ്രകാരം ഡിമാന്റ് ചെയ്തിരിക്കുന്ന താഴെപ്പറയുന്ന സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും 2017 18 വർഷത്തെ തൊഴിൽനികുതി ഈടാക്കിയതിൽ കുറവ് .വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | ജീവനക്കാരന്റെ പേരും തസ്തികയും | ആകെ അർദ്ധ വാർഷിക വരുമാനം | അടക്കേണ്ട നികുതി | അടച്ച തുക | കുറവ് | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | ശകുന്തള.സി അറ്റന്റന്റ് വെറ്റിനറി ഡിസ്പെൻസറി | 112860 | 1000 | 750 | 250 | ഒന്നാം അർദ്ധ വർഷം |

| | കണ്ണാടി | | | | | |
|---|---|---|---|---|---|---|

ഇ.റേഷൻ കടകൾ തൊഴിൽനികുതി ഒടുക്കാതെ പ്രവർത്തിക്കുന്നു

കണ്ണാടി ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളിൽ നിന്നും 2017 18 വർഷത്തെ വരുമാനത്തിനനുസൃതമായി തൊഴിൽനികുതിയും സ്ഥാപന തൊഴിൽനികുതിയും ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

മേൽ വിഷയങ്ങൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.04/14.05.2019 ന് കരാറുകാരിൽ നിന്ന് തൊഴിൽനികുതി കുടിശ്ശിക ഉൾപ്പെടെ പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ് എന്നും കൂടാതെ തൊഴിൽനികുതി ഈടാക്കാൻ വിട്ടുപോയ ജീവനക്കാരുടെയും സ്ഥാപന തൊഴിൽ നികുതിയും പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. നികുതി ഈടാക്കാൻ വിട്ടുപോയ സ്ഥാപനങ്ങളുടെയും ജീവനക്കാരുടെയും നികുതി ഈടാക്കേണ്ടതാണ്.
2. പുതിയ ലൈസൻസ് അനുവദിക്കുന്ന സ്ഥാപനങ്ങളിൽ തൊഴിൽനികുതി അടയ്ക്കുവാൻ ബാധ്യസ്ഥരായ ജീവനക്കാർ ഉണ്ടെങ്കിൽ സ്ഥാപന രജിസ്റ്ററിൽ വിവരം ചേർക്കേണ്ടതാണ്.

മേൽ സൂചിപ്പിച്ച അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിന് അറിയിക്കേണ്ടതാണ്.

# 2-2 ഡി&ഒ ലൈസൻസ് നൽകുന്നതിലെ അപാകതകൾ

എ. ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കുന്നില്ല

കണ്ണാടി ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ സംബന്ധിച്ച ട്രേഡേഴ്സ് ലിസ്റ്റ് വാർഡ് തിരിച്ച് കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പഞ്ചായത്തിന് വരവിനത്തിൽ കുറവ് വരുന്നതിന് സാധ്യതയുണ്ട്. ട്രേഡേഴ്സ് രജിസ്റ്റർ കാലികമാക്കി പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഡി ആന്റ് ഒ ലൈസൻസ് ആവശ്യമായ മുഴുവൻ സ്ഥാപനങ്ങൾക്കും ലൈസൻസ് നൽകി പഞ്ചായത്തിന്റെ തനതുവരുമാനം വർദ്ധിപ്പിക്കാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധ പുലർത്തേണ്ടതാണ്.

ബി. റേഷൻ കടകൾ ഡി&ഒ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

1996ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ മൂന്നാം ചട്ടത്തിന്റെ പട്ടിക ഒന്നിൽ വരുന്നതാണ് റേഷൻ കടകൾ. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ

കടകളുടെ വിവരങ്ങൾ ഡേഞ്ചേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. കൂടാതെ റേഷൻ കടകൾക്ക് 2017-18 വർഷത്തേയ്ക്ക് ഡി&ഒ ലൈസൻസ് അനുവദിച്ചു നൽകിയിട്ടുമില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ എൻക്വയറി നം 04/14.05.19 ന് പഞ്ചായത്ത് പരിധിയിലുള്ള എല്ലാ റേഷൻ കടകൾക്കും ഡി&ഒ ലൈസൻസ് എടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭിച്ചു.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. ഡേഞ്ചേഴ്സ് ലിസ്റ്റ് വാർഡ് തലത്തിൽ തയ്യാറാക്കി കാലികമാക്കി സൂക്ഷിക്കേണ്ടതാണ് .
2. ഡി ആന്റ് ഒ ലൈസൻസ് പരിധിയിൽ വരുന്ന സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പു വരുത്തേണ്ടതാണ് .
3. മേൽ സൂചിപ്പിച്ച അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിന് അറിയിക്കേണ്ടതാണ്.

# 2-3 ബിൽഡിങ്ങ് പെർമിറ്റ്-അപാകതകൾ

2017-18 വർഷത്തെ ബിൽഡിങ്ങ് പെർമിറ്റ് രജിസ്റ്റർ, അപേക്ഷകൾ എന്നിവയുടെ പരിശോധിച്ചതിൽ നിന്നും കണ്ടെത്തിയ ന്യൂനതകൾ താഴെ ചേർക്കുന്നു.

1. കെ പി ബി ആർ നിയമം ചട്ടം 64 (3) അനുസരിച്ച് പ്ലാൻ പ്രകാരം കെട്ടിടം ഒരു വശത്തെ അതിരിൽ അബട്ട് ചെയ്ത് നിർമ്മാണം നട<u>ത്തു</u>ന്നുണ്ടെങ്കിൽ ആ അതിർ ഉൾപ്പെടുന്ന സ്ഥലമുടമയുടെ സമ്മതപത്രം ലഭ്യമാക്കുവാൻ നിർദേശമുണ്ട്. പരിശോധനയ്ക്ക് ലഭിച്ച അപേക്ഷകളിൽ ചിലതിൽ ഈ സമ്മതപത്രം സൂക്ഷിച്ചിട്ടില്ല.

ഉദാ-a)Appli. no- A2/2803/2.5.17, Commercial-120.24 $m^2$-ജഗദീഷ്. ടി.സി.

Appli. no - A2/3021/15.5.17,Commercial- Extension, 65.61 $m^2$- മോഹൻകുമാർ, കളത്തിൽ ഹൗസ്

2. പെർമിറ്റ് അപേക്ഷയോടൊപ്പം സമർപ്പിക്കുന്ന പ്ളാനിൽ FAR , Coverage എന്നിവ ഉൾപ്പെടുത്തിയിട്ടില്ല എന്ന് കാണുന്നു.

ഉദാ. a).Appl.no – A2/2479/12.4.17- Residential -274 $m^2$- അജിത്ത്കുമാർ, മമ്പാട്, കിഴക്കഞ്ചേരി

b).Permit no - A2/152/17-18, 15.4.17,328 $m^2$- Rest House- ഉദയ ദിവാകരൻ & സുനിത, നിളാ നഗർ

3. പെർമിറ്റ് നല്കുമ്പോഴും, വസ്തുനികുതി കണക്കാക്കുമ്പോഴും രണ്ട് വ്യത്യസ്ത ഉപയോഗക്രമം കണക്കാക്കിയിരിക്കുന്നു.

a)ഉദയ ദിവാകരൻ & സുനിത, നിളാ നഗർ, യാക്കര എന്നിവർക്ക് അനുവദിച്ച Permit no - A2/152/17-18, 15.4.17 പ്രകാരം 328 $m^2$- Rest House/ Residential എന്ന് കാണിച്ച് 1034 രൂപ പെർമിറ്റ് ഫീ ഈടാക്കിയിട്ടുണ്ട് . പ്ളാൻ പ്രകാരം ഇത് റിസോർട്ട് ഗണത്തിൽ ഉൾപ്പെടുത്താവുന്ന നിർമിതിയാണ്. KBPR ചട്ടം 34 ൽ (2) അനുസരിച്ച് ലോഡ്ജിംഗ് ഹൗസുകൾ A2 വിഭാഗത്തിലുൾപ്പെടുത്തി Commercial കെട്ടിടമായി പരിഗണിക്കേണ്ടവയാണ്. ഇതനുസരിച്ച് ഈടാക്കേണ്ട പെർമിറ്റ് ഫീ 5/$m^2$ ആണ്. എന്നാൽ ഫീസ് അടച്ചിരിക്കുന്നത് ഈ നിരക്കിൽ അല്ല.

രശീതി നമ്പർ 11702100173/10.4.17 അനുസരിച്ച് ₹1034/- ഈടാക്കിയിട്ടുണ്ട്. (പെർമിറ്റ് ഫീസ് 984, മറ്റ് ഫീസുകൾ-50 രൂപ)

യഥാർത്ഥത്തിൽ ഈടാക്കേണ്ട പെർമിറ്റ് ഫീ - 328* 5=1640

പെർമിറ്റ് ഫീസിനത്തിൽ കുറവ്= 1640-1034= 656രൂപ

ഈ കെട്ടിടത്തിന്റെ നമ്പറിങ്ങ് ഫയൽ (എ2-6573/18) പരിശോധിച്ചതിൽ നിന്നും ടി കെട്ടിടത്തിന്റെ അടിസ്ഥാന നികുതി നിരക്ക് 60/$m^2$ ആണ്( സ്വകാര്യ ഹോസ്റ്റൽ, ഹോംസ്റ്റേ എന്നിവയ്ക്ക് ബാധകമായ വസ്തു നികുതി) നിശ്ചയിച്ചിരിക്കുന്നത് എന്ന് വ്യക്തമായി.

വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തെ ഗാർഹികാവശ്യത്തിനുള്ളതായി പരിഗണിച്ചതിനാൽ പെർമിറ്റ് ഫീയിനത്തിൽ കുറവു വന്ന തുക ഈടാക്കി അറിയിക്കേണ്ടതാണ്.

b)പെർമിറ്റ് അപേക്ഷയോടൊപ്പം സമർപ്പിച്ച പ്ലാൻ അനുസരിച്ച് പ്ളോട്ടിൽ മുൻപ് തന്നെ കെട്ടിടങ്ങൾ ഉള്ളതായി കാണിച്ചിട്ടുണ്ട്. പ്ലാനിൽ FAR രേഖപ്പെടുത്തിയിട്ടിലാത്തതിനാൽ കണക്കാക്കുന്നതിനായി ഈ കെട്ടിടങ്ങളുടെ വിസ്തീർണം പരിഗണിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല. AE പരിശോധിച്ച് നോട്ട് ചെയ്തതിൽ മാത്രമാണ് ഇത് രേഖപ്പെടുത്തിയിട്ടുള്ളത്. പ്ലാൻ തയ്യാറാക്കിയ സൂപ്പർവൈസർ പിന്നീട് തയ്യാറാക്കി നല്കിയിട്ടുള്ള FAR, കവറേജ് (യഥാക്രമം 20.36,12.01%)കൃത്യമല്ല. ഓരോ തരം കെട്ടിടത്തിനും അനുവദനീയമായ FAR, കവറേജ് എന്നിവ പെർമിറ്റ് ഫീ കണക്കാക്കുന്നതിനും പെർമിറ്റ് അനുവദിക്കുന്നതിനും പരിഗണിക്കുന്നതിനാൽ ആയതിന്റെ കൃത്യത സ്ഥലം പരിശോധിക്കുന്ന ഉദ്യോഗസ്ഥർ ഉറപ്പുവരുത്തേണ്ടതാണ്. (എൻക്വയറി 20/16.5.19, മറുപടി ലഭിച്ചിട്ടില്ല.)

## 2-4 വെള്ളക്കരം കുടിശ്ശിക ഈടാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്

2017-18 വർഷത്തെ വെള്ളക്കരം രജിസ്റ്ററിലെ സംക്ഷിപ്തം അനുസരിച്ച് 17-18 ലെ ബാലൻസ് 143315 രൂപയും, കുടിശ്ശികയിനത്തിൽ 1916048 രൂപയും പിരിച്ചെടുക്കുവാനുണ്ട്. ആകെ 274 ഗുണഭോക്താക്കളാണ് പഞ്ചായത്തിന്റെ കുടിവെള്ള പദ്ധതിയിലുള്ളത്. പ്രതിമാസം 50 രൂപ നിരക്കുള്ള ഗാർഹിക കണക്ഷനുകൾ മാത്രമാണ് നൽകിയിട്ടുള്ളത്. പഞ്ചായത്ത് നേരിട്ട് നടത്തുന്ന കുടിവെള്ള പദ്ധതികൾക്കായി 2017-18 വർഷത്തിൽ 389544 രൂപ ചെലവഴിച്ചിട്ടുണ്ട് . വിശദവിവരങ്ങൾ ഇതോടൊപ്പം ചേർക്കുന്നു.

1. യാത്തൻകുളങ്ങരപറമ്പ് DWS

രാധാകൃഷ്ണൻ (പമ്പ് ഓപ്പറേറ്റർ)- 67710

കറന്റ് ചാർജ് - 25170

2. പുഴയ്ക്കൽ പമ്പ് ഹൗസ്

ശിവരാജൻ (പമ്പ് ഓപ്പറേറ്റർ)- 91250

കറന്റ് ചാർജ് -205414

കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിനായി പ്രതിവർഷം നാല് ലക്ഷം രൂപയോളം ചെലവ് വരുന്നുണ്ട്. വരവിലും അധികമായുള്ള ചെലവ് ഒഴിവാക്കുന്നതിനായി കുടിശ്ശികയുള്ള വെള്ളക്കരം പൂർണമായും പിരിച്ചെടുക്കാൻ അടിയന്തിരമായി നടപടികളെടുക്കേണ്ടതാണ്. (എൻക്വയറി 8/14.5.19) ഇക്കാര്യങ്ങളെക്കുറിച്ച് നൽകിയ എൻക്വയറിക്ക് മറുപടിയിൽ 17-18ന് മുമ്പുള്ള വർഷങ്ങളിലെ കുടിശ്ശിക തെറ്റായി രേഖപ്പെടുത്തിയതിനാലാണ് ഇത്രയും കുടിശ്ശിക വന്നത് എന്നും, ഗുണഭോക്താക്കളുടെ അടയ്ക്കേണ്ട കുടിശ്ശികയുടെ തുക കണക്കാക്കി, അവ കമ്മറ്റിക്ക് വിധേയമായി വെള്ളക്കരം രേഖകൾ ശരിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചു. വെള്ളക്കരം സംബന്ധിച്ച ബൈലോ ഇല്ല.

## 2-5 വാടക -കുടിശ്ശികകൾ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

2017-18 വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ ഷെഡ്യൂൾ B-15 അനുസരിച്ച് വാടകയിനത്തിൽ 323386 രൂപ കുടിശ്ശിക ഉണ്ട്.വാടക കുടിശ്ശിക സംബന്ധിച്ച് എൻക്വയറിയ്ക്കു മറുപടിയായി 17-18 ൽ തൻവർഷത്തെ കുടിശ്ശികയുണ്ടായിരുന്ന 103242രൂപ മുഴുവനും 2018-19 വർഷത്തിൽ അടവാക്കി എന്നറിയിച്ചു. മുൻവർഷങ്ങളിലെ കുടിശ്ശികയാണ്

പിരിച്ചെടുക്കാൻ അവശേഷിക്കുന്ന 220144 രൂപ എന്നതിനാൽ ടി തുക എത്രയും പെട്ടെന്ന് ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

കണ്ണാടി ഗ്രാമപഞ്ചായത്തിൽ ആകെ 22 മുറികൾ വാടകയ്ക്ക് നല്കിയിട്ടുണ്ട്. വാടകക്കാരുമായി നിയമാനുസൃതം എഗ്രിമെന്റ് വച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന് വാടക സംബന്ധിച്ച് ബൈലോ ഇല്ല. ആയത് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. (എൻക്വയറി 7/14.5.19) തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

# 2-6 വസ്തുനികുതിയിന്മേലുള്ള ഉപനികുതി ഈടാക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവുവിളക്കുകളും ഡ്രൈനേജും എന്നീ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. അപ്രകാരം ചുമത്താവുന്ന ഏറ്റവും കുറഞ്ഞ സേവന ഉപനികുതിയുടെ നിരക്കുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. ജലവിതരണം - വസ്തുനികുതിയുടെ 3% ൽ കുറയാത്ത തുക.
2. തെരുവുവിളക്കുകൾ - വസ്തുനികുതിയുടെ 2% ൽ കുറയാത്ത തുക.
3. ശുചിത്വ പരിപാലനം - വസ്തുനികുതിയുടെ 4% ൽ കുറയാത്ത തുക.
4. ഡ്രൈനേജ് - വസ്തുനികുതിയുടെ 1% ൽ കുറയാത്ത തുക.

സേവന ഉപനികുതി ഈടാക്കുന്നതിനുള്ള സാധ്യത പഞ്ചായത്ത് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

# 2-7 പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016 നടപ്പാക്കേണ്ടതാണ്

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016 ന് 24.9.16 ലെ സർക്കുലറിലൂടെ താഴെ ചേർത്തിട്ടുള്ള മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട് .

1. വിൽപന സാധനങ്ങൾ പ്ലാസ്റ്റിക് ക്യാരി ബാഗിൽ വിതരണം ചെയ്യുന്ന വ്യാപാരികളും തെരുവ് കച്ചവടക്കാരും അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ രജിസ്റ്റർ

ചെയ്തിരിക്കണം .

2. വിൽപന സാധനങ്ങൾ 50 മൈക്രോണിൽ കുറയാത്ത ക്യാരി ബാഗുകൾ മാത്രമേ വിതരണം ചെയ്യാൻ പാടുള്ളൂ.

3. ഒരു മാസം കുറഞ്ഞത് 4000 രൂപ നിരക്കിൽ ഒരു വർഷത്തേക്ക് 48000 രൂപ പ്ലാസ്റ്റിക് മാലിന്യ പരിപാലന ഫീയായി മേൽപ്രകാരം ഈടാക്കി രജിസ്റ്റർ ചെയ്യുന്നതു സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വിജ്ഞാപനം, ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

4. പ്ലാസ്റ്റിക് മാലിന്യത്തിന്റെ തോത് അനുസരിച്ച് കൂടുതൽ മാലിന്യ പരിപാലന ഫീസ് വ്യാപാരികളിൽ നിന്നും ഈടാക്കാവുന്നതാണ്.

5. പ്ലാസ്റ്റിക് ക്യാരി ബാഗുകൾക്ക് ഫീസ് ഈടാക്കുന്നതാണ് എന്നത് വളരെ വ്യക്തമായ രീതിയിൽ കച്ചവട സ്ഥാപനങ്ങളിൽ പ്രദർശിപ്പിക്കേണ്ടതാണ്.

6. പ്ലാസ്റ്റിക് മാലിന്യ പരിപാലന ഫീയായി ഈടാക്കുന്ന തുക തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിലുള്ള സുസ്ഥിര മാലിന്യ പരിപാലന സംവിധാനങ്ങൾക്കായി ഉപയോഗപ്പെടുത്താവുന്നതാണ്

കണ്ണാടി ഗ്രാമപഞ്ചായത്തിൽ പ്ലാസ്റ്റിക് ഉപയോഗം കുറയ്ക്കുന്നതിനായും, മാലിന്യ പരിപാലനം, സംസ്കരണം കാര്യക്ഷമമാക്കുന്നതിനും സർക്കുലറിലെ ഏതെങ്കിലും നിർദേശങ്ങൾ നടപ്പിലാക്കിയത് സംബന്ധിച്ച് നല്കിയ എൻക്വയറിയ്ക്ക് താഴെ ചേർത്തിരിക്കുന്ന മറുപടി ലഭിച്ചു.

പ്ലാസ്റ്റിക് വിതരണം ചെയ്യുന്ന വ്യാപാരികൾ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുന്നതിന് കത്ത് നല്കുകയും, നിശ്ചിത മാനദണ്ഡ പ്രകാരമല്ലാത്ത ക്യാരി ബാഗുകൾ വിതരണം ചെയ്യുന്നവർക്ക് പിഴ ചുമത്തുകയും ചെയ്ത് വരുന്നുണ്ട്. ഓഡിറ്റിൽ നിർദേശിച്ച പ്രകാരമുള്ള കാര്യങ്ങൾ നടപ്പാക്കുന്നതിന് നടപടിയെടുക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. (എൻക്വയറി 6/14.5.19)

# 2-8 ബജറ്റ്- നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ-214, സർക്കാർ ഉത്തരവ് (ആർ.റ്റി) നം.3291/2016/ത.സ്വ.ഭ.വ തിയതി.02.12.2016 പ്രകാരമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ബജറ്റ് മാന്വൽ എന്നിവ പ്രകാരം ബജറ്റ് തയ്യാറാക്കുമ്പോൾ ചുവടെ ചേർക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

1. അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾകൊള്ളുന്ന ബജറ്റ്-പദ്ധതി, പദ്ധതിയേതര നിർദ്ദേശങ്ങൾ നിർവഹണ

ഉദ്യോഗസ്ഥരും സ്റ്റാന്റിംഗ് കമ്മറ്റികളും ജനവരി 15 -ന മുമ്പായി ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിക്കേണ്ടതാണ്.

2. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മേൽ നിർദ്ദേശങ്ങളിൽ നിന്നും ബജറ്റ് തയ്യാറാക്കേണ്ടതും കരട് ബജറ്റ് അനുബന്ധ രേഖകൾ സഹിതം മാർച്ച് മാസത്തിലെ ആദ്യ ആഴ്ചയിൽ തന്നെ പഞ്ചായത്ത് കൗൺസിലിന്റെ അംഗീകാരത്തിന് വെയ്ക്കേണ്ടതുമാണ്.

3. പഞ്ചായത്ത് കൗൺസിൽ ആവശ്യമായ ചർച്ചകൾക്ക് ശേഷം മാർച്ച് 31 ന മുമ്പായി ബജറ്റ് പാസാക്കിയിരിക്കണം

ബജറ്റിലെ നോൺ പ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ഘടക സ്ഥാപന മേധാവികളുടെ യോഗം വിളിച്ച് ചേർക്കുകയോ, സെക്രട്ടറി ഉൾപ്പെടെയുള്ള നിർവഹണ ഉദ്യോഗസ്ഥർ നോൺ പ്ലാൻ എസ്റ്റിമേറ്റുകൾ സമർപ്പിച്ചതിന്റെയും, ബജറ്റിന്റെ നിർദേശങ്ങൾ ക്ഷണിച്ചതിന്റെയും നിർദേശങ്ങൾ അനുസരിച്ച് ബജറ്റിൽ തുക ഉൾപ്പെടുത്തിയതിന്റെയും രേഖകൾ പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല. ബജറ്റ് മാനുവൽ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുകയും ആയതിന്റെ രേഖകൾ സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്. (എൻക്വയറി 22/16.5.19)

# 2-9 ടെണ്ടർ ഫോറം വില പഞ്ചായത്തിന് കൈമാറേണ്ടതാണ്

28/9/13-ലെ ജി.ഒ (എം.എസ്) 318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ഈ അക്കൗണ്ടിൽ ഒടുക്കു വരുത്തുന്നതിനും നിർദ്ദേശിച്ചിരുന്നു. ജി.ഒ (പി) 3/2015/ഫിൻ തീ.5/1/15 പ്രകാരം അടങ്കൽ തുകയുടെ 0.2% ആണ് ടെണ്ടർ ഫോറം വില നിശ്ചയിച്ചിട്ടുള്ളത്. നിലവിൽ ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് അസി.എഞ്ചിനിയറുടെ പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ കണ്ണാടി ബ്രാഞ്ചിൽ 37186915003 നമ്പറായി അക്കൌണ്ട് ആരംഭിച്ചതായി കാണുന്നുണ്ട്.
ഈ അക്കൌണ്ടിൽ നിലവിൽ 35922/- രൂപ നീക്കിയിരിപ്പുണ്ട്. ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയത്തിൽ നിന്നും 11.06.2018 ന് ടെണ്ടർ ഫീസ് ഇനത്തിൽ 21430 രൂപ മേൽപ്പടി അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. ലഭ്യമാവുന്ന തുകകൾ നിലവിൽ അസി. എഞ്ചിനിയറുടെ അക്കൗണ്ടിലാണ് നിക്ഷേപിക്കുന്നത്. ആയത് സമയാസമയങ്ങളിൽ ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് കൈമാറിയതായി കാണുന്നില്ല. കറന്റ് അക്കൗണ്ടിന് പലിശ വരവില്ല എന്നതിനാൽ

യഥാസയം ലഭ്യമാവുന്ന തുകകൾ ഗ്രാമപഞ്ചായത്തു അക്കൗണ്ടിലേക്ക് കൈമാറാത്ത പക്ഷം ആയത് റവന്യൂ നഷ്ടത്തിന് ഇടയാക്കുമെന്നതിനാൽ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# <u>ഭാഗം -3</u>

# <u>ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

## 3-1 തെരുവ് വിളക്കുകൾ വാങ്ങൽ - 55890 രൂപ അധികം ചെലവഴിച്ചു

പ്രോജക്റ്റ് നമ്പർ -144/18, 142/17

അടങ്കൽ - 400000 (വികസന ഫണ്ട്)

ചെലവ് - 399000/-

ബിൽ നമ്പർ - 39/23.3.18

നിർവഹണ ഉദ്യോഗസ്ഥൻ –സെക്രട്ടറി

വിവിധ വാർഡുകളിൽ LED ലൈറ്റ് സ്ഥാപിക്കുന്നതിനായി ഓഡിറ്റ് വർഷത്തിൽ 2 പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. വിശദവിവരം താഴെ ചേർക്കുന്നു

| പ്രൊജക്റ്റ് | അടങ്കൽ | ചെലവ് | ബിൽ നമ്പർ | വാങ്ങിയ ലൈറ്റുകളുടെ എണ്ണം |
|---|---|---|---|---|
| വിവിധ വാർഡുകളിൽ LED സ്ഥാപിക്കൽ (113/18) | 250000 | 236880 | 6/29.6.17 | 94 |
| എസ്.സി. കോളനികളിൽ LED ലൈറ്റ് (115/18) | 300000 | 284760 | 5/29.6.17 | 113 |

3.3.17 ലെ ടെണ്ടറിൽ 4 സ്ഥാപനങ്ങൾ ടെണ്ടർ സമർപ്പിച്ചിട്ടുണ്ട്. ടെണ്ടർ പരസ്യത്തിൽ ആവശ്യപ്പെട്ട സ്പെസിഫിക്കേഷൻ താഴെ ചേർക്കുന്നു.
LED Light – 25 watt – എല്ലാ ഫിറ്റിംഗുകളോടും കൂടി ഫിറ്റിംഗ് ചാർജ്, KSEB സൂപ്പർവിഷൻ ചാർജ്, ഒരു വർഷം സ്വന്തം ഉത്തരവാദിത്വത്തിൽ പരിപാലിക്കേണ്ട ചാർജ് ഉൾപ്പെടെ ഒരെണ്ണത്തിന്റെ നിരക്കാണ് ക്വോട്ട് ചെയ്യേണ്ടത്. സാമ്പിൾ ഹാജരാക്കണം

ലഭ്യമായ രണ്ട് ടെണ്ടറുകളുടെ വിവരം താഴെ ചേർക്കുന്നു.

| സ്ഥാപനം | ഇനം /സ്പെസിഫിക്കേഷൻ | വില |
|---|---|---|
| ബെസ്റ്റ് പവർ | 24 W LED ലൈറ്റും അനുബന്ധ സാമഗ്രികളും<br>സൂര്യ ബ്രാന്റ് (ഗ്ലാസ്സ്) | 3200 |
| | പോളി കാർബണേറ്റ് | 2950 |

| | | |
|---|---|---|
| എഡിസൺ ഇലക്ട്രോണിക്സ് | 24 W LED ലൈറ്റും അനുബന്ധ സാമഗ്രികളും<br><br>ഹാവൽസ് | 2625 |
| | എഡിസൺ | 2250 |

4.3.17 ലെ ഭരണസമിതി തീരുമാനം 5(1 &2) പ്രകാരം ടെണ്ടർ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത എഡിസൺ ഇലക്ട്രോണിക്സ്, കൊച്ചിയുടെ ടെണ്ടർ യോഗം അംഗീകരിച്ചു.

28.3.17 ലെ പ്രൊക്യൂർമെന്റ് കമ്മിറ്റി വാങ്ങൽ നടത്തിയത് അംഗീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. വാങ്ങലുകൾ നടത്തിയശേഷം മാത്രമാണ് പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനമെടുക്കുന്നത്.

14.3.17 ന് സപ്ലൈ ഓർഡർ നൽകുകയും 15.3.17 ന് കരാർ ഒപ്പുവയ്ക്കുകയും ചെയ്തു. സപ്ലൈ ഓർഡർ, കരാർ എന്നിവയിലൊന്നും നിരക്ക് പരാമർശിച്ചിട്ടില്ല. ടെണ്ടർ അംഗീകരിച്ചു എന്ന് മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

വിളക്കുകൾ സ്ഥാപിച്ചശേഷം സ്ഥാപനം സമർപ്പിച്ച ഇൻവോയ്സ് പ്രകാരം താഴെ പറയുന്ന ലൈറ്റാണ് വാങ്ങിയിട്ടുള്ളത്.

24/25 watt LED street light- manual

ഇൻവോയ്സ് പ്രകാരം 2520 രൂപ നിരക്കിലാണ് പർച്ചേസ് നടത്തിയത്. ഭരണസമിതി തീരുമാനപ്രകാരം എഡിസൺ ഇലക്ട്രോണിക്സിന്റെ കുറഞ്ഞ നിരക്കിലുള്ള ടെണ്ടറാണ് അംഗീകരിച്ചത് . കുറഞ്ഞ നിരക്ക് 2250 രൂപയാണ്. എന്നാൽ 2520 രൂപ നിരക്കാണ് ബൾബിന് നൽകിയിട്ടുള്ളത്. അതിനാൽ ഒരു ലൈറ്റിന് 270 രൂപ അധികം നൽകിയിട്ടുണ്ട്. 2 പദ്ധതികളിലായി ആകെ 207 ലൈറ്റുകൾക്ക് 55890 രൂപ (207*270) അധികം നൽകിയിട്ടുണ്ട്.

രണ്ട് പദ്ധതികളിലായി ആകെ (2260+1880) - 4140 രൂപ കെ.എസ്.ഇ.ബി.സൂപ്പർവിഷൻ ചാർജ് എന്ന ഇനത്തിൽ എഡിസൺ ഇലക്ട്രോണിക്സ് കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ തുക ഒടുക്കിയതിന്റെ രസീതിയോ ലൈറ്റുകൾ സ്ഥാപിച്ചത് സംബന്ധിച്ച സാക്ഷ്യപത്രമോ കെ.എസ്.ഇ.ബിയിൽ നിന്നും ലഭ്യമാക്കിയിട്ടില്ല.

28.9.17, 10.8.17 , 10.10.18 എന്നീ തിയതികളിൽ സെക്രട്ടറി A1- 519/16 നമ്പറായി എഡിസൺ ഇലക്ട്രോണിക്സിന് നൽകിയ കത്തുകളിൽ പകുതിയിലധികം ലൈറ്റുകളും കത്തുന്നില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. പല തവണ രേഖാമൂലം അറിയിച്ചിട്ടും റിപ്പയർ ചെയ്യുന്നതിനുള്ള സ്ഥാപനം നടപടികളൊന്നും സ്വീകരിച്ചില്ല എന്നും അതിനാൽ നിയമനടപടികൾ സ്വീകരിക്കുന്നതാണ് എന്നും കത്തിൽ പരാമർശിച്ചിട്ടുണ്ട്. 15.3.17ൽ പഞ്ചായത്തും കരാറുകാരനും തമ്മിൽ ചമച്ച കരാറിൽ ബൾബുകൾക്ക് 24 മാസം ഗ്യാരണ്ടിയുള്ളതായി വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ഓഡിറ്റ് എൻക്വയറിക്ക് (10/15.5.19) മറുപടിയായി 2625 രൂപ നിരക്കിലുള്ള ഹാവൽസ് ലൈറ്റുകളാണ് 2520 രൂപ നൽകി വാങ്ങിയത് എന്നും അതിനാൽ നഷ്ടം ഉണ്ടായിട്ടില്ല എന്നുമാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ മറുപടിയെ സാധൂകരിക്കുന്ന രേഖകളൊന്നും ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല. ഹാവൽസ് ലൈറ്റുകൾ വാങ്ങാൻ ഭരണസമിതി തീരുമാനിച്ചിട്ടില്ല. സപ്ലൈ ഓർഡറിലോ ബില്ലിലോ പ്രസ്തുത പേര് പരാമർശിച്ചിട്ടില്ല. എഡിസൺ ഇലക്ട്രോണിക്സിൽ നിന്നും ഏറ്റവും കുറഞ്ഞ നിരക്കിലുള്ള ലൈറ്റുകൾ വാങ്ങുവാനാണ് ഭരണസമിതി തീരുമാനം എന്നതിനാൽ 2250 രൂപയുടെ ലൈറ്റുകൾ ഒഴിവാക്കി 2520 രൂപയുടെ ലൈറ്റുകൾ വാങ്ങുന്നത് അംഗീകരിക്കാവുന്നതല്ല.

അതിനാൽ അധികം ചെലവഴിച്ച 55890 രൂപ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. സൂപ്പർ വിഷൻ ചാർജ് ഒടുക്കിയതിനും ലൈറ്റുകൾ സ്ഥാപിച്ചതിനും കെ.എസ്.ഇ.ബിയിൽ നിന്നും രസീതി/സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. ഗ്യാരന്റി കാലയളവിൽ ലൈറ്റുകൾ പൂർണ്ണമായും ഉപയോഗക്ഷമമായി നിലനിർത്തുവാനാവശ്യമായ നടപടികൾ എഡിസൺ ഇലക്ട്രോണിക്സ് സ്വീകരിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതും അല്ലാത്തപക്ഷം നിയമാനുസൃത തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ് .

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-2 അനുമതിയില്ലാതെ ദിവസവേതന ജീവനക്കാരെ നിയമിച്ചത് ക്രമപ്രകാരമല്ല

ഭരണസമിതിയുടെ 25.8.2017 ലെ 10 നമ്പർ തീരുമാന പ്രകാരം എൽ.എസ്.ജി.ഡി.കാര്യാലയത്തിൽ ശ്രീമതി സീമ, ഇരപ്പക്കൽ എന്നവരെ ക്ലർക്ക് തസ്തികയിൽ ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കുകയും 675 രൂപ നിരക്കിൽ ദിവസവേതനം നൽകുകയും ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ എൽ.എസ്.ജി.ഡി വിഭാഗത്തിൽ ക്ലറിക്കൽ തസ്തിക നിലവിലില്ല. സർക്കാർ ഉത്തരവ് (പി)28/16/ധനം/26.2.2016 പ്രകാരം സർക്കാരിന്റെ മുൻകൂർ അനുമതി ലഭ്യമായശേഷം മാത്രമേ അംഗീകൃതമല്ലാത്ത തസ്തികകളിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്താൻ കഴിയുകയുള്ളൂ. നിലവിലില്ലാത്ത തസ്തികകളിൽ, സർക്കാരിൽ നിന്നും മുൻകൂർ അനുമതി വാങ്ങാതെ ദിവസവേതനത്തിന് ജീവനക്കാരെ നിയമിച്ചത് അംഗീകരിക്കാവുന്നതല്ല. 2017-18 ൽ ഈയിനത്തിൽ നൽകിയ തുകയുടെ വിവരം താഴെ ചേർക്കുന്നു.

| കാലയളവ്- മാസം | വൗച്ചർ നമ്പർ | തുക |
|---|---|---|
| ഡിസംബർ മുതൽ മാർച്ച്2017 വരെ (94 ദിവസം) | 21700065/ 22.4.17 | 63450 |
| മെയ് 2017 മുതൽ ആഗസ്റ്റ് 2017 | 21700408/ 6.10.17 | 61425 |
| [illegible] | [illegible] | [illegible] |

| | | |
|---|---|---|
| സപ്റ്റംബർ 2017 & ഒക്ടോബർ 2017 | 21700579/ 5.12.17 | 20000 |
| ആകെ | | 144875 |

ബി) ലൈഫ് മിഷൻ ഡാറ്റ എൻട്രി നടത്തിയതിന് ശ്രീമതി.അജിത.കെ. എന്ന വ്യക്തിക്കും വൗച്ചർ നമ്പർ 21700541/21.11.17 പ്രകാരം ദിവസവേതനാടിസ്ഥാനത്തിൽ 7600 രൂപ നൽകിയിട്ടുണ്ട്. (23 ദിവസം - 17.8.17 – 11.9.17)

ഓഡിറ്റ് എൻക്വയറിക്ക് (18/16.5.19) മറുപടിയായി സർക്കാർ അനുമതി ലഭ്യമാക്കുവാൻ ശ്രമിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. അനുമതി/ സാധൂകരണം ലഭ്യമാകുന്നതുവരെ ചെലവ് തുകയായ 152475 രൂപ തടസ്സത്തിൽ വയ്ക്കുന്നു.

# 3-3 വാർഡ് തല മഴക്കാലശുചീകരണം - തുക വിനിയോഗിച്ചില്ല

മഴക്കാലശുചീകരണ പ്രവർത്തനം

ചെലവ് - 345000

വൗച്ചർ നമ്പർ - ( TSC)

21700181/12.6.17 – 150000

വാർഡ് തല സാനിറ്റേഷൻ കമ്മിറ്റികളുടെ മഴക്കാലശുചീകരണ പ്രവർത്തനത്തിനായി മേൽപറഞ്ഞ പ്രകാരം 150000/- രൂപ മെഡിക്കൽ ഓഫീസർക്ക് (പി.എച്ച്,സി) നൽകിയിട്ടുണ്ട്. വിവിധ വാർഡ്തല ശുചീകരണകമ്മിറ്റികളുടെ പേരിലുള്ള അക്കൗണ്ടിലേക്ക് മുൻകൂറായി നൽകി പ്രവൃത്തികൾ നടത്തുന്നതിനാണ് മുൻകൂറായി തുക നൽകിയത്. ദാരിദ്രനിർമാർജനവിഭാഗം പ്രൊജക്ട് ഓഫീസറുടെ ഉത്തരവ് പ്രകാരം ഭരണസമിതി അംഗീകരിച്ച വാർഡ് തല സൂക്ഷ്മകർമ്മപദ്ധതി രേഖ നടപ്പിലാക്കുന്നതിനായാണ് തുക അനുവദിക്കുന്നത്. സർക്കുലർ നമ്പർ -201/D.C.1/16/LSGD dt 1.4.16 പ്രകാരം കാംപൈൻ കഴിഞ്ഞ് ഒരാഴ്ചക്കകം വിനിയോഗരേഖകൾ (ഒറിജിനൽ വൗച്ചർ) സെക്രട്ടറി വാങ്ങി സൂക്ഷിക്കേണ്ടതാണ്. എന്നാൽ വാർഡ് തലസമിതികളിൽ നിന്നും ചെലവ് രേഖകൾ വാങ്ങി വൗച്ചറിനോടൊപ്പം സൂക്ഷിച്ചിട്ടില്ല. കൂടാതെ 4.12.17 ന് 181/17 നമ്പരായി മെഡിക്കൽ ഓഫീസർ നൽകിയ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റിൽ 67000 രൂപ മാത്രം ചെലവഴിച്ചതായും 83000 രൂപ നീക്കിയിരുപ്പുള്ളതായുമാണ് പറഞ്ഞിട്ടുള്ളത്.

ബി ) വൗച്ചർ നമ്പർ - 21700251/18.7.17 പ്രകാരം 225000 രൂപ അടിയന്തിര രോഗപ്രതിരോധപ്രവർത്തനങ്ങൾക്കും ശുചീകരണ പ്രവർത്തനങ്ങൾക്കും വേണ്ടി മെഡിക്കൽ ഓഫീസർക്ക് നൽകിയിട്ടുണ്ട്. മുൻകൂറായി നൽകിയ തുകയുടെ ചെലവ് രേഖകൾ മെഡിക്കൽ ഓഫീസറിൽ നിന്നും ലഭ്യമാക്കിയിട്ടില്ല. കൂടാതെ 4.12.17 ന് 181/17

നമ്പരായി മെഡിക്കൽ ഓഫീസർ നൽകിയ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റിൽ 154600 രൂപ മാത്രം ചെലവഴിച്ചതായും 70400 രൂപ നീക്കിയിരുപ്പുള്ളതായുമാണ് പറഞ്ഞിട്ടുള്ളത്. അടിയന്തിര പ്രവൃത്തികൾക്കായി അനുവദിച്ച തുക 4 മാസം കഴിഞ്ഞും ചെലവഴിക്കാതെ അവശേഷിക്കുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് 18/16.5.19 മറുപടി ലഭ്യമായില്ല.

അടിയന്തിര പ്രവൃത്തികൾക്കായി അനുവദിക്കുന്ന തുകകൾ സമയബന്ധിതമായി ചെലവഴിക്കുവാൻ നിർവഹണഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്. അനുവദിച്ച തുക വിനിയോഗിച്ചതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതും ചെലവഴിക്കാതെ അവശേഷിക്കുന്ന തുക തിരികെ ഈടാക്കി TSC ഫണ്ടിലേക്ക് തിരിച്ചടക്കേണ്ടതുമാണ്. ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ മുൻകൂറായി അനുവദിച്ച (150000 + 225000) 375000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

# 3-4 അസാധാരണ ചെലവുകൾ -നടപടി ക്രമങ്ങൾ പാലിക്കുന്നില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് (അസാധാരണ ചെലവുകൾ) ചട്ടങ്ങൾ പ്രകാരം അസാധാരണ ചെലവുകൾ നടത്തുവാൻ അനുവദനീയമായ ഇനങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മുൻവർഷത്തെ മിച്ചഫണ്ടിന്റെ 20% വരെ (പരമാവധി 1 ലക്ഷം രൂപ) ആണ് അസാധാരണ ചെലവ് പരിധി. പഞ്ചായത്ത് അസാധാരണ ചെലവ് സംബന്ധിച്ച ഒരു രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്. ഇതിൽ ചെലവാക്കിയ തുക, പഞ്ചായത്ത് തീരുമാനം നമ്പർ, തിയതി, ആകെ ചെലവ് തുക എന്നിവ രേഖപ്പെടുത്തണം. ചെലവഴിച്ച തുകയുടെ രേഖകൾ കൃത്യമായി സൂക്ഷിക്കേണ്ടതാണ്. അസാധാരണ ചെലവുകളുടെ വാർഷിക കണക്ക് പ്രത്യേകമായി ഗ്രാമസഭകളിൽ അവതരിപ്പിക്കേണ്ടതാണ്.

ചെലവുകൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടോ എന്നും ചെലവ് പരിധി പാലിക്കുന്നുണ്ടോ എന്നും മേലുദ്യോഗസ്ഥർ പരിശോധിക്കുകയോ ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി വിലയിരുത്തുകയോ ചെയ്തിട്ടില്ല എന്ന് പരിശോധനയിൽ കണ്ടെത്തി. 2017-18 വർഷത്തെ തനത്ഫണ്ട് ചെലവ് രേഖകളുടെ പരിശോധനയിൽ അസാധാരണ ചെലവിനങ്ങളുടെ പരിധിയിൽ ഉൾപ്പെടുന്ന തുകകൾ ദൈനംദിന ചെലവായി പരിഗണിക്കുന്നതായി കണ്ടെത്തി. മറ്റ് അഡ്മിനിസ്ട്രേറ്റീവ് ചെലവ് എന്ന ഹെഡിലാണ് ചെലവ് രേഖപ്പെടുത്തിയിട്ടുള്ളത്. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു

| വൗച്ചർ നം./ തിയതി | തുക | ചെലവിനം |
|---|---|---|
| 21700195/29.6.17 | 5000 | A+ വിദ്യാർത്ഥികൾക്ക് ഷീൽഡ് വാങ്ങിയത് |
| 21700255/25.7.17 | 1900 | A+ വിദ്യാർത്ഥികൾക്ക് അനുമോദനം - ഫോട്ടോ |

| | | |
|---|---|---|
| 20700260/26.7.17 | 3515 | പാലിയേറ്റീവ് കെയർ രോഗികളുടെ മക്കൾക്ക് ബാഗ്, കുട എന്നിവ നൽകിയത് |
| 21700270/27.7.17 | 1500 | A+ വിദ്യാർത്ഥികൾക്ക് അനുമോദനം - റിഫ്രഷ്മെന്റ് |

അസാധാരണ ചെലവ് നടത്തുമ്പോൾ ചട്ടങ്ങൾ പാലിക്കേണ്ടതാണ്.

# 3-5 ഡെപ്പോസിറ്റ് പ്രവൃത്തികൾ- വിനിയോഗരേഖകൾ ലഭ്യമാക്കണം

വിവിധ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി സെക്രട്ടറി താഴെ പറയും പ്രകാരം കെ.എസ്.ഇ.ബി യിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ പ്രവൃത്തി നടന്നതിന്റെയോ തുക വിനിയോഗിച്ചതിന്റെയോ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

| പ്രോജക്ട് നമ്പരും പേരും | അടങ്കൽ | | ചെലവ് തുക | നിർവ്വഹണ എജൻസി |
|---|---|---|---|---|
| 165/18- എസ്.സി കോളനികളിൽ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 1,00,000 | 31/30.1.18 | 43799 | അസി.എക്സി. എഞ്ചിനീയർ, കെ.എസ്. ഇ.ബി |
| 166/18 പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 160000 | 38/16.3.18 | 105489 | ‘” |
| 169/18 വിവിധ വാർഡുകളിൽ വൈദ്യുതി ലൈൻ വലിക്കൽ | 507000 | 30/30.1.18<br>26/30.11.17 | 490146<br>11200 | “<br>“ |
| 114/18 എസ്.സി കോളനികളിൽ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 63807 | 27/30.11.17 | 33656 | “ |

ഡെപ്പോസിറ്റ് പ്രവൃത്തികളുടെ നിർവഹണം മോണിറ്റർ ചെയ്യേണ്ടതും കരാർ കാലാവധിക്കകം എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തിയാക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. പ്രവൃത്തി പൂർത്തിയായ ശേഷം ഡെപ്പോസിറ്റ് തുകയുടെ വിനിയോഗവിവരങ്ങൾ ലഭ്യമാക്കി ചെലവഴിക്കാത്ത തുക തിരികെ ഈടാക്കേണ്ടതുമാണ്.

# 3-6 ക്ഷീര കർഷകർക്ക് സബ്സിഡി -ചെലവുരേഖകൾ ഹാജരാക്കിയിട്ടില്ല

പ്രോജക്ട് നം 257/18

ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി ക്ഷീരസംഘങ്ങൾ മുഖേന പാൽ അളക്കുന്ന കർഷകർക്ക് 17 ഏപ്രിൽ മുതൽ 18 ഫെബ്രുവരി വരെയുള്ള പാലളവിന് ലിറ്ററിന് 3 രൂപ നിരക്കിൽ സബ്സിഡി നൽകുന്നതിനാണ് പ്രോജക്ട് രൂപീകരിച്ചിരിക്കുന്നത്. തുക നൽകിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| ഫണ്ട് | തുക | ചെലവഴിച്ച തുക | ബിൽ/ ചെക്ക് |
|---|---|---|---|
| വികസനഫണ്ട് | 150000 | 64646 | 1/31.03.18 |
| ജില്ലാപഞ്ചായത്ത് | 160000 | 160000 | 2623370/ 28.03.18 |
| ജില്ലാ പഞ്ചായത്ത് | 199998 | 199998 | 2623369/ 28.03.18 |
| | 509998 | 424644 | |

ഗ്രാമപഞ്ചായത്ത് പരിധിയിൽ 5 ക്ഷീര സംഘങ്ങളാണ് നിലവിലുള്ളത്. ക്ഷീര സംഘങ്ങൾ വഴി അളന്ന പാലിന്റെ കണക്കനുസരിച്ചാണ് തുക നൽകേണ്ടത്. എന്നാൽ സംഘങ്ങൾ ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റുകളിൽ ഓരോ മാസങ്ങളിലും അളന്ന പാലിന്റെ അളവ്, 3 രൂപ നിരക്കിൽ നൽകിയ സബ്സിഡി തുക, എന്നിവ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ മാറിയ ബില്ലുകളോടൊപ്പം തുക നൽകിയവരുടെ പേരും അക്കൗണ്ട് നമ്പറും ഉണ്ടെങ്കിലും ക്ഷീര സംഘങ്ങളിൽ പാലളന്ന ഗുണഭോക്താക്കളുടെ പേരുമായി ഇവ ഒത്തു നോക്കുന്നതിനും സുതാര്യത ഉറപ്പു വരുത്തുന്നതിനും സാധ്യമായ രീതിയിലല്ല ഫയൽ സൂക്ഷിച്ചിരിക്കുന്നത്. നിർവ്വഹണോദ്യോഗസ്ഥൻ കാഷ് ബുക്ക് സൂക്ഷിച്ചിട്ടില്ല. ചെലവു രേഖകൾ സുതാര്യമായി സൂക്ഷിക്കാത്തതിന് വിശദീകരണം നൽകുന്നതിന് ഓഡിറ്റ് അന്വേഷണം നം 21/ 16.05.19 പ്രകാരം ആവശ്യപ്പെട്ടെങ്കിലും ലഭ്യമായിട്ടില്ല. രേഖകൾ കൃത്യമായി ഹാജരാക്കുന്നത് വരെ 424644 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-7 സംയുക്ത ഉഴവുകൂലി - പങ്കാളികളായ തദ്ദേശ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ട് ലഭ്യമാക്കുന്നതിന് സാധിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിലെ ആകെ 740 ഹെക്ടർ കൃഷിഭൂ മിയിൽ നെൽകൃഷി ചെയ്യുന്നതിനായി 17 പാടശേഖരസമിതികളിലായി രജിസ്റ്റർ ചെയ്ത 839 കർഷകർക്ക് 9608 രൂപ വീതം

ഉഴവുകൂലി സബ്സിഡി നൽകുന്നതിനാണ് പ്രോജക്റ്റ് ലക്ഷ്യമിടുന്നത്. ഇതിനായി ആകെ വകയിരുത്തിയ തുക 7269000 രൂപയാണ്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| അടങ്കൽ | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|
| വികസനഫണ്ട് (പൊതു) | 2755000 | 2575337 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 740000 | 646000 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 3700000 | 0 |
| ഗുണഭോക്തൃവിഹിതം | 74000 | 69604 |

എന്നാൽ വകയിരുത്തിയ തുകയുടെ 45% മാത്രമാണ് ചെലവഴിച്ചിരിക്കുന്നത്. 696.04 ഹെക്ടർ കൃഷി ഭൂമിയിൽ കൃഷി ചെയ്യുന്നതിനുള്ള തുക ലഭ്യമാക്കുന്നതിനേ കഴിഞ്ഞിട്ടുള്ളൂ.

13-ാം പദ്ധതി മാർഗ്ഗരേഖ പ്രകാരം ഒരു ഗുണഭോക്താവിന് ഉഴവുകൂലി സബ്സിഡി ആയി ഒരു സീസണിൽ ഹെക്ടറിന് 17000 രൂപ നൽകാവുന്നതാണ്. ഇതിനായി ഗ്രാമപഞ്ചായത്ത് 50 % തുകയും ബാക്കി തുക ബ്ലോക്ക് ജില്ലാ വിഹിതമായി വകയിരുത്തേണ്ടതുമാണ്. കരട് പദ്ധതി രേഖ തയ്യാറാക്കുന്നതിന് മുമ്പ് സംയുക്ത പ്രോജക്ടുകളെക്കുറിച്ച് ചർച്ച ചെയ്ത് വിഭവ സമാഹരണം ഉറപ്പിക്കുന്നതിനായി സ്ഥാപന മേധാവികളുടെ സംയുക്ത യോഗം നിർബന്ധമായും ചേരേണ്ടതും സംയുക്ത പ്രോജക്ടിൽ ഉൾപ്പെടുന്ന തദ്ദേശ സ്ഥാപനങ്ങൾ തമ്മിൽ കരാറിൽ ഏർപ്പെടേണ്ടതുമാണ്. കൂടാതെ ജി.ഒ.(പി). നം 7/17 തീയതി 23.1.17 പ്രകാരം സംയുക്ത പ്രേജക്ടുകൾക്കായി രൂപീകരിച്ചിരിക്കുന്ന ജോയിന്റ് വെൻചർ അക്കൗണ്ടിലേക്ക് 2017 സെപ്റ്റംബർ 30 നകം ഒറ്റ ഇൻസ്റ്റാൾമെന്റായി മറ്റ് തദ്ദേശ സ്ഥാപനങ്ങൾ വകയിരുത്തിയ തുക മുഴുവനായി ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യേണ്ടതുമാണ്.

ജില്ലാ പഞ്ചായത്ത് വിഹിതം ഒന്നും ലഭ്യമാകാത്ത സാഹചര്യത്തിൽ പദ്ധതി പ്രകാരം ഉദ്ദേശിച്ച ധനസഹായം കർഷകർക്ക് ലഭ്യമാക്കുന്നതിന് സാധിച്ചിട്ടില്ല. ഈ വിഷയം നിർവ്വഹണോദ്യോഗസ്ഥന്റെ ശ്രദ്ധയിൽപ്പെടുത്തിയതിന് വിഭവ സമാഹരണം ഉറപ്പു വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിൽ മേലിൽ ശ്രദ്ധിക്കുന്നതാണെന്ന് മറുപടിയായി അറിയിച്ചിട്ടുണ്ട്. (ഓഡിറ്റ് അന്വേഷണം നം 13/15.05.19 )

മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്കനുസൃതമായി സംയുക്ത പ്രോജക്ടിൽ ഉൾപ്പെടുന്ന തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും ഫണ്ട് ലഭ്യമാക്കി നെൽക്കർഷകർക്ക് പരമാവധി സബ്സിഡി തുക നൽകുന്നതിന് ഭാവിയിൽ ശ്രമിക്കേണ്ടതാണ്.

കാർഷിക മേഖലയിലെ പ്രശ്നങ്ങളുടെ അവസ്ഥാ വിശകലനം പ്രകാരം ജലസേചന സൗകര്യങ്ങളുടെ അപര്യാപ്തതയും ഉല്പാദനോപാധികളുടെ അ പര്യാപ്തതയും പ്രധാന പ്രശ്നങ്ങളായി വിലയിരുത്തുന്നു. കൃഷിഭവന്റെ അടിസ്ഥാന സൗകര്യക്കുറവ് പരിഹരിക്കണമെന്ന നിർദ്ദേശവും ഉണ്ടായിട്ടുണ്ട്. ഭക്ഷ്യോല്പാദനത്തിലെ സ്വയംപര്യാപ്തത,തരിശുഭൂമി കൃഷി, യുവാക്കളെ കൃഷിയിലേക്ക് ആകർഷിക്കുന്ന നൂതന

പദ്ധതികൾ തയ്യാറാക്കുക, മികച്ച മാർക്കറ്റിംഗ് സൗകര്യം ഇവയൊരുക്കുന്നതിൽ പ്രോജക്ടുകൾ തയ്യാറാക്കിയിട്ടില്ല. ആദ്യവർഷങ്ങളിലെ നേട്ടങ്ങളും കോട്ടങ്ങളും വിശകലനം ചെയ്തു കൊണ്ട് വരും വർഷങ്ങളിൽ മികച്ച പദ്ധതികൾ നടപ്പിലാക്കുന്നതിലേക്ക് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# 3-8 റോഡ് ടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽനിന്നും ബാരൽ വില വസൂലാക്കാതിരുന്നത് ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് അടവാക്കി.

2016-17വർഷം അഗീകാരം വാങ്ങിയതും സ്പിൽ ഓവറായതുമായ ബിറ്റുമിൻ ഉപയോഗിച്ചുള്ള റോഡ് വർക്കുകൾക്ക് പാക്ക്ഡ് ബിറ്റുമിൻ നിരക്കിലാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. കോൺട്രാക്ടർമാർ നേരിട്ട് ടാർ വാങ്ങിയാണ് പ്രവൃത്തി ചെയ്തിട്ടുള്ളത്. എന്നാൽ ഫൈനൽ ബിൽ തുക നൽകിയ വേളയിൽ റോഡ് ടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കാലി ബാരലുകളുടെ വില ഈടാക്കിയിട്ടില്ല. കാലി ബാരൽ ഒന്നിന് 273 രൂപ പ്രകാരം (238 രൂപ+ 14.5% GST ഉൾപ്പടെ) 162 കാലി ബാരലുകളുടെ വില ഈടാക്കാതിരുന്നതിനാൽ പഞ്ചായത്ത് ഫണ്ടിന് 44226 രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. ആയത് ഓഡിറ്റ് വേളയിൽ ചൂണ്ടിക്കാണിച്ചതിനെ തുടർന്ന് തുക കരാറുകാരിൽ നിന്ന് ഈടാക്കി താഴെ പറയുന്ന രശീതികൾ മുഖേന പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടുണ്ട്.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | കരാറുകാരന്റെ പേര് | ഫൈനൽ ബിൽ തുക | കാലി ബാരലുകളുടെ എണ്ണം | ബാരൽ വില (238+ 14.5% GST) (rs 273) | ചെലവിന്റെ വിവരം | രശീതി നം, തിയതി |
|---|---|---|---|---|---|---|---|
| 1 | ചെമ്മങ്കാട് റോഡ് റീടാറിംഗ് (126/18) | ശ്രീ.എ.കെ. കൃഷ്ണരാജ് | 94878 | 5 | 1365 | 57/17-18 dt 20.02.18 | 11902 101059 തിയതി 25.05.19 തുക 1365 |
| 2 | പാണ്ടിയോട് റെയിൻബോ നഗർ റോഡ് മെറ്റലിംങ്& ടാറിംഗ് (43/18) | ശ്രീ.എ. ജഗദീഷ് | 297138 | 9 | 2457 | 62/17-18 dt 20.02.18 | 11902 101259 തിയതി 03.06.19 തുക6279 |
| 3 | ഹരിത നഗർ റോഡ് മെറ്റലിംങ്& ടാറിംഗ് (125/18) | ശ്രീ.എ. ജഗദീഷ് | 135000 | 5 | 1365 | 65/17-18 dt 20.02.18 | ‘’ |
| 4 | ദേവിപുരം റോഡ് മെറ്റലിംങ്& ടാറിംഗ് (124/18) | ശ്രീ.എ. ജഗദീഷ് | 115000 | 5 | 1365 | 66/17-18 dt 20.02.18 | ‘’ |

| | | | | | | | |
|---|---|---|---|---|---|---|---|
| 5 | പോലീസ് കോളനിറോഡ് ടാറിംഗ് (41/18) | ശ്രീ.എ. ജഗദീഷ് | 69443 | 4 | 1092 | 59/17-18 dt 20.02.18 | ‘’ |
| 6 | മണലൂർ-മണലായിറോഡ് മെറ്റലിംങ്& ടാറിംഗ് (130/18) | ശ്രീ.കെ.ജയരാജ് | 236261 | 9 | 2457 | 63/17-18 dt20.02.18 | 11902 100888 തിയതി 17.05.19 തുക 12558 |
| 7 | കൊറ്റകൊറ്റ തൊടിക റോഡ് മെറ്റലിംങ്& ടാറിംഗ് (129/18) | ശ്രീ.കെ.ജയരാജ് | 141031 | 5 | 1365 | 64/17-18 dt 20.02.18 | ‘ |
| 8 | തരവനാട്ടുകളം റോഡ് ടാറിംഗ് (26/18) | ശ്രീ.കെ. ജയരാജ് | 590000 | 32 | 8736 | 86/17-18 dt 13.03.18 | ‘ |
| 9 | അയ്യപ്പൻകാവ് റോഡ് മെറ്റലിംങ്& ടാറിംഗ് (49/18) | ശ്രീ.പി.എൽ. ആന്റണി | 220000 | 7 | 1911 | 68/17-18 dt 20.02.18 | 11902 100902 തിയതി 17.05.19 തുക 4914 |
| 10 | ഞായറാഴ്ചക്കാവ് റോഡ് റീടാറിംഗ് (10/18) | ശ്രീ.പി.എൽ. ആന്റണി | 200000 | 11 | 3003 | 69/17-18 dt 20.02.18 | ‘‘ |
| 9 | മിഥിലാപുരി റോഡ് സെക്കന്റ് ലെയർ മെറ്റലിംങ്& ടാറിംഗ് (214/18) | ശ്രീ.പി. സുരേഷ്കുമാർ | 198600 | 7 | 1911 | 78/17-18 dt 13.03.18 | 11902 101264 തിയതി 03.06.19 തുക 11466 |
| 10 | മിൽക്ക് സൊസൈറ്റി റോഡ് ടാറിംഗ് (30/18) | ശ്രീ.പി. സുരേഷ്കുമാർ | 150000 | 9 | 2457 | 79/17-18 dt 13.03.18 | ‘‘ |
| 11 | കമ്മന്തറ റോഡ്- 2 ലെയർ മെറ്റലിംങ്& ടാറിംഗ് (221/18) | ശ്രീ.പി. സുരേഷ്കുമാർ | 290000 | 18 | 4914 | 81/17-18 dt13.03.18 | ‘‘ |
| 13 | വടക്കുമുറി റോഡ് മെറ്റലിംങ് & ടാറിംഗ് (41/18) | ശ്രീ.പി. സുരേഷ്കുമാർ | 215452 | 8 | 2184 | 80/17-18 dt 13.03.18 | ‘‘ |
| 15 | വടക്കമുറിപൂവക്കോട് റോഡ് ടാറിംഗ് (116/18) | ശ്രീ.സി.മുകുന്ദൻ | 200000 | 12 | 3276 | 52/17-18 dt 17.01.18 | 11902 101060 തിയതി 25.05.19 തുക 3276 |
| 16 | താണിയംകാവ് റോഡ് റീടാറിംഗ് (116/18) | ശ്രീ.കെ.ടി. സുനിൽകുമാർ | 285996 | 16 | 4368 | 56/17-18 dt 20.02.18 | 11902 100984 തിയതി 22.05.19 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | തുക 4368 |
| | ആകെ | | | 162 | 44226 | | |

# 3-9 സ്പിൽഓവർ പ്രൊജക്റ്റ്-സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി പൂർത്തീകരിക്കാതെ തുടരുന്നു

1997 ലെ കേരള പഞ്ചായത്ത് രാജ് പൊതു മരാമത്ത് പണികളുടെ നടത്തിപ്പ് ചട്ടങ്ങൾ, 2017-18 വാർഷിക പദ്ധതിയുമായി ബന്ധപ്പെട്ട മാർഗ്ഗരേഖ (ജി.ഒ (എം.എസ്) നം.72/2017/ ത.സ്വ.ഭ.തിയതി.29/03/2017) ഖ.6.8(2) എന്നിവ പ്രകാരം ഒരു സ്പിൽഓവർ പ്രൊജക്റ്റ്, സ്പിൽ ഓവർ ആയ അതേ വർഷം തന്നെ നിർബന്ധമായും പൂർത്തീകരിക്കേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പഞ്ചായത്ത് ഭരണാനുമതി ലഭിച്ചതും 2016-17 വർഷത്തിൽ അസി. എഞ്ചിനിയറെ നിർവ്വഹണ ഉദ്യോഗസ്ഥനായി ചുമതലപ്പെടുത്തി വിഭാവനം ചെയ്തശേഷം സ്പിൽ ഓവറായതുമായ താഴെ പറയുന്ന പ്രൊജക്ടുകൾ 2017-18 സാമ്പത്തിക വർഷത്തിലും പൂർത്തിയാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്ട് നം,പദ്ധതിയുടെ പേര് | അടങ്കൽ | ഫണ്ട് |
|---|---|---|---|
| 1 | പ്രൊ.നം.133/18)പുഴയ്ക്കൽ വാടപ്പറമ്പ് റോഡ് മെറ്റലിംങ് & ടാറിംങ് | 200000 | മെയിന്റനൻസ് ഗ്രാന്റ്-റോഡ് |
| 2 | (പ്രൊ.നം.140/18)പടിഞ്ഞാമുറി -പാറ റോഡ് മെറ്റലിംങ്&ടാറിംങ് | 200000 | ടി |
| 3 | (പ്രൊ.നം.141/18) മെയിന്റനൻസ് ഓഫ് ഖാദി ബിൽഡിംങ് | 200000 | മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം |
| 4 | (പ്രൊ.നം.147/18) വള്ളോലികുളം സൈഡ് പ്രൊട്ടക്ഷൻ & കോൺക്രീറ്റിംങ് | 150000 | വികസനഫണ്ട് (scp) |
| 5 | (പ്രൊ.നം.159/18) തരുവക്കുറിശ്ശി-ചാത്തൻതറ ചെക്ക്ഡാം പുനരുദ്ധാരണം | 150000 | വികസനഫണ്ട് (പൊതു വിഭാഗം) |

2016--17 സാമ്പത്തിക വർഷത്തിൽ വിഭാവനം ചെയ്ത മേൽപറഞ്ഞ പദ്ധതികൾ 2017-18 സാമ്പത്തിക വർഷത്തിലും പൂർത്തീകരിക്കാതെ തുടരുന്നത് ആശാസ്യമല്ല. സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച് പദ്ധതികൾ സമയ ബന്ധിതമായി പൂർത്തീകരിക്കുന്നതിൽ പ്രത്യേക ശ്രദ്ധ ഉണ്ടാവേണ്ടതാണ്.

# 3-10 അനുപൂരക പോഷകാഹാര പദ്ധതി-

## വകയിരുത്തിയ തുകയിലും അധികം ചെലവഴിച്ചു

ഐ.സി.ഡി.എസ് സൂപ്പർവൈസറുടെ നിർവ്വഹണ ചുമതലയിൽ നടപ്പിലാക്കിയിട്ടുള്ള അനുപൂരക പോഷകാഹാര പദ്ധതിക്കായി അംഗീകൃത പ്രോജക്ട് പ്രകാരം വകയിരുത്തിയ തുകയിലും അധികം ചെലവഴിച്ചതായിക്കാണുന്നു. യഥാസമയം പ്രോജക്ടിന് ഭേദഗതി വരുത്തി അംഗീകാരം വാങ്ങിയിട്ടില്ല.

ഗ്രാമപഞ്ചായത്ത് 2017-18 സാമ്പത്തികവർഷം നടപ്പിലാക്കിയ അനുപൂരക പോഷകാഹാര പദ്ധതി പ്രോജക്ടിന്റെ വിവരം താഴെ ചേർക്കുന്നു.

| പ്രോജക്ട് നം 181/18 (ജനറൽ) | പദ്ധതി വിഹിതം (വികസനഫണ്ട് പൊതു) | കേന്ദ്രഫണ്ട് | ആകെ |
|---|---|---|---|
| വകയിരുത്തിയ തുക | 1200000 | 900000 | 2100000 |
| ചെലവഴിച്ച തുക | 1200000 | 974833 | 2174833 |
| അധികമായി ചെലവഴിച്ചത് | | | 74833 |

ഈ വിഷയം ഓഡിറ്റ് അന്വേഷണം നം 12/15.05.19 പ്രകാരം നിർവ്വഹണോദ്യോഗസ്ഥനെ അറിയിച്ചെങ്കിലും വിശദീകരണം ലഭ്യമായിട്ടില്ല. ആവശ്യമായ തുക വകയിരുത്തിയതിനുശേഷം ആസൂത്രണ സമിതിയുടെ അംഗീകാരത്തോടെ മാത്രം പദ്ധതികൾ നടപ്പിലാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

ചെലവ് വിശദാംശങ്ങൾ

1. വികസനഫണ്ട് - 1200000

ബിൽ നം 1/31.07.17-420432

ബിൽ നം 2/31.07.17-25977

ബിൽ നം 4/25.08.17- 343034

ബിൽ നം 5/28.01.17- 410557)

2. കേന്ദ്ര ഫണ്ട്- 974833

ചെക്ക് നം -1852141/20.11.17- 45141

ചെക്ക് നം -1852152/27.01.18- 594648

ചെക്ക് നം-1852157/13.03.18 -260211
ചെക്ക് നം-1852160/21.03.18 -74833

## 3-11 കേന്ദ്രവിഹിതം അറ്റകുറ്റപ്പണികൾക്കായി വിനിയോഗിക്കേണ്ടതാണ്

അങ്കണവാടി പോഷാകാഹാര പദ്ധതിക്കായി കേന്ദ്രവിഹിതമായി ലഭിച്ച തുകയിൽ 1168719 രൂപ ചെലവഴിക്കാതെ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുണ്ട്. വിശദവിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 1321945 |
| വരവ് | 821607 |
| ആകെ | 2143552 |
| ചെലവ് | 974833 |
| നീക്കിയിരിപ്പ് | 1168719 |

പൂരകപോഷകാഹാര പദ്ധതിക്കായി ലഭിച്ച ഫണ്ടിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക അങ്കണവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്താൻ ഉപയോഗിക്കാവുന്നതാണ് എന്ന് 3.9.2010 ലെ 39029/DC3/2010 നം സർക്കുലറിൽ നിർദേശിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള 21 അങ്കണവാടികളുടെ ഭൗതിക സാഹചര്യം വിലയിരുത്തിയതിൽ 5 അങ്കണവാടികൾ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നതായും സ്വന്തമായി കെട്ടിടമുള്ള അങ്കണവാടികൾക്കും മറ്റ് അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത നിലനിലനിൽക്കുന്നതായും സൂപ്പർവൈസർ നൽകിയ റിപ്പോർട്ടിൽ നിന്നും മനസ്സിലാകുന്നു. കേന്ദ്ര ഫണ്ട് അങ്കണവാടികളുടെ അറ്റകുറ്റപ്പണികൾക്കായി ഉപയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-12 എസ്.സി പെൺകുട്ടികൾക്ക് വിവാഹ ധനസഹായം- അധികതുക നൽകി

പ്രോജക്ടിന്റെ പേര് - എസ് സി വിവാഹധനസഹായം

പ്രോജക്ട് നമ്പർ - 103/17-18

അടങ്കൽ- 750000 (വികസന ഫണ്ട്)

ചെലവ് - 750000

ബിൽ നമ്പർ -

നിർവഹണ ഉദ്യോഗസ്ഥൻ- അസിസ്റ്റന്റ് സെക്രട്ടറി

സ.ഉ (എം.എസ്) നം.80/2017/ത.സ്വ.ഭ.വ തീ 03.04.2017 പ്രകാരം പുറപ്പെടുവിച്ച 2017-18 വർഷത്തെ സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 11.5 പ്രകാരം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ട പെൺകുട്ടികൾക്ക് വരുമാനപരിധി 200000 രൂപയ്ക്ക് വിധേയമായി 75000 രൂപ ധനസഹായം നൽകാവുന്നതാണ്. വിവാഹത്തിന് 15 ദിവസം മുൻപോ, 180 ദിവസത്തിനകമോ അപേക്ഷ നൽകാമെങ്കിലും വിവാഹം നടന്ന വർഷത്തിൽ നിലവിലുള്ള ധനസഹായത്തിനാണ് അർഹതയുള്ളത്. 2017-18 വർഷത്തെ സബ്സിഡി മാർഗ്ഗരേഖ പ്രകാരമുള്ള സാമ്പത്തികാനുകൂല്യങ്ങൾക്ക് ഉത്തരവ് നിലവിൽ വന്ന 03.04.2017മുതലാണ് പ്രാബല്യമുള്ളത്.

2016-17ലെ സബ്സിഡി മാർഗ്ഗരേഖ പ്രകാരം 50000 രൂപയാണ് ധനസഹായ തുക .

എന്നാൽ 2016-17 വർഷത്തിൽ വിവാഹിതരാവുകയും പ്രസ്തുത വർഷത്തിൽ ധനസഹായത്തിന് അപേക്ഷ നൽകുകയും ചെയ്തിട്ടുള്ള ഗുണഭോക്താക്കൾക്ക് 2017-18 വർഷത്തെ സബ്സിഡി മാർഗ്ഗരേഖ പ്രകാരമുള്ള ധനസഹായം 75000 രൂപ നൽകിയിട്ടുണ്ട്. ബിൽ നമ്പർ- 13/17-18 തിയതി 26.9.17 പ്രകാരമുള്ള 375000 രൂപയിൽ നിന്നുമാണ് താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് 75000 രൂപ വീതം നൽകിയിട്ടുണ്ട്

| ക്രമ നം | ഗുണഭോക്താവ് | വിവാഹം നടന്നത് | കൈപ്പറ്റിയ തുക | അർഹതയുള്ളത് | അധികം നൽകിയത് | അക്കൗണ്ട് നം |
|---|---|---|---|---|---|---|
| 1 | പൊന്നുകുട്ടൻ പൂവ്വക്കോട് കണ്ണാടി (മകൾ കവിത.പി) | 26.03.17 | 75000 | 50000 | 25000 | 37121078320 |
| | കൃഷ്ണൻ ചാലക്കൽ ഹൗസ് കണ്ണാടി (സന്ധ്യ.കെ) | 2.4.17 | 75000 | 50000 | 25000 | 67271888656 |

ഓഡിറ്റ് എൻക്വയറിക്ക് (3/14.5.19 ) മറുപടിയായി ഒരേ വർഷം രണ്ടു ഗുണഭോക്താക്കൾക്ക് വ്യത്യസ്ത നിരക്ക് നൽകുന്നത് ഗുണഭോക്താക്കൾക്ക് മാനസിക ബുദ്ധിമുട്ടുണ്ടാക്കുമെന്നും അത് ഒഴിവാക്കാനാണ് എല്ലാവർക്കും ഉയർന്ന തുക നൽകിയത് എന്നാണ് അറിയിച്ചത്. സബ്സിഡി മാർഗരേഖയിലെ ഖണ്ഡിക 2.3ൽ സബ്സിഡി മാനദണ്ഡങ്ങളുടെ ലംഘനം തദ്ദേശ സ്ഥാപനങ്ങളുടെ ഫണ്ടിന്റെ ദുരുപയോഗമായി കണക്കാക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. സബ്സിഡി മാർഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി അധിക ധനസഹായം നൽകിയത് അംഗീകരിക്കാവുന്നതല്ല.

അധികം നൽകിയ 50000 രൂപ ഉത്തരവാദിയായ നിർവഹണ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-13 എസ്.സി. വിദ്യാർത്ഥികൾക്ക് സൈക്കിൾ- നടപടിക്രമങ്ങൾ പാലിച്ചില്ല

പ്രൊജക്ട് നമ്പർ - 100/18 – എസ്.സി. വിദ്യാർത്ഥികൾക്ക് സൈക്കിൾ

അടങ്കൽ - വികസന ഫണ്ട് - 4,95,000

നിർവഹണം - അസി.സെക്രട്ടറി

ചെലവ് - 21/17.1.18 - 478500

ഗ്രാമപഞ്ചായത്തിലെ 8,9,10 ക്ലാസ്സുകളിൽ പഠിക്കുന്ന എസ്.സി. വിദ്യാർത്ഥികൾക്ക് സൈക്കിൾ നൽകുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചത്. പദ്ധതി പ്രകാരം ജസ്റ്റ് ബൈ സൈക്കിൾ എന്ന സ്ഥാപനത്തിൽ നിന്നും 110 സൈക്കിൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്.

സബ്സിഡി മാർഗരേഖ, അംഗീകരിച്ച പദ്ധതി എന്നിവ പ്രകാരം സ്കൂൾ അധികൃർ സാക്ഷ്യപ്പെടുത്തി നൽകുന്ന ലിസ്റ്റ് പ്രകാരമുള്ള വിദ്യാർത്ഥികൾക്ക് സ്കൂൾ അധികൃതർ മുഖേനയാണ് സൈക്കിൾ വിതരണം ചെയ്യേണ്ടത്. എന്നാൽ നിർവഹണ ഉദ്യോഗസ്ഥൻ ഗുണഭോക്താക്കളിൽ നിന്നും നേരിട്ട് അപേക്ഷ സ്വീകരിച്ച് സൈക്കിൾ വിതരണം ചെയ്തതായാണ് കാണുന്നത്. സ്കൂളിൽ നിന്നും ലിസ്റ്റ് ലഭ്യമാക്കുകയോ സ്കൂൾ അധികൃതർ മുഖേന വിതരണം നടത്തുകയോ ചെയ്തിട്ടില്ല. (ഓഡിറ്റ് എൻക്വയറി- 3/14.5.19) പദ്ധതി നടപ്പിലാക്കുമ്പോൾ മാർഗരേഖയിലെ നിർദേശങ്ങളും നടപടിക്രമങ്ങളും പാലിക്കപ്പെടുന്നുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

# 3-14 തുടർ സാക്ഷരത -അനുവദനീയമല്ലാത്ത പ്രവർത്തനങ്ങൾക്കായി പ്ലാൻഫണ്ട് ചെലവഴിച്ചു

തുടർ സാക്ഷരത പദ്ധതി-

പ്രൊജക്ട് നം.194/18

അടങ്കൽ - 101000

ചെലവ് - 97002

ബിൽ നം.2/14-3-18 – 29842

3/27.3.18 - 67160

നിർവ്വഹണം-ഹെഡ്മാസ്റ്റർ

പദ്ധതി പ്രകാരം ആകെ 97002 രൂപ വികസന ഫണ്ടിൽ നിന്ന് ചെലവഴിച്ചിട്ടുണ്ട്. സാക്ഷരതാ മിഷന്റെ നിർദേശ പ്രകാരമുള്ള സാക്ഷരത സർവ്വേ, 4,7 പഠിതാക്കൾക്ക് ക്ലാസ്സുകൾ, ഇൻസ്ട്രക്റ്റർ ഇൻസെന്റീവ്, എന്നിവ നടത്തുന്നതിനാണ് പദ്ധതി ഫണ്ട് ചെലവഴിച്ചത്. ഗ്രാമപഞ്ചായത്തിലെ പ്രേരക് കൺവീനർക്കാണ് പദ്ധതി തുക നൽകിയിട്ടുള്ളത്. പ്രേരക് സമർപ്പിച്ച ചെലവ് രേഖകൾ പ്രകാരം താഴെ പറയുന്ന ഇനങ്ങൾക്കായാണ് തുക ചെലവഴിച്ചിട്ടുള്ളത്.

പദ്ധതി ചെലവുകളുടെ വിശദവിവരം താഴെ ചേർക്കുന്നു

| | |
|---|---|
| പ്രിന്റിംഗ് | 6750 |
| റിഫ്രഷ്മെന്റ് | 1504 |
| സർവേ നടത്തിയതിനുള്ള തുക | 21424 |
| നോട്ട്ബുക്ക്, പേന | 19592 |
| ഫോട്ടോകോപ്പി, മിനിട്സ് ബുക്ക് | 642 |
| സാക്ഷരത ക്ലാസ്സ് ഇൻസ്ട്രക്ടർമാർക്ക് ഹോണറേറിയം | 35000 |
| ഇൻസ്ട്രക്ടർമാർക്ക് പരിശീലനം | 1000 |
| മറ്റിനം | 538 |
| സാക്ഷരതാ പ്രേരക് ശ്രീമതി. സുഷമ, രാധ, ഷീജ എന്നിവർക്ക് സർവേ ഫോം ക്രോഡീകരിച്ചതിന് നൽകിയ തുക | 10552 |
| ആകെ | 97002 |

സർക്കാരിൽ നിന്ന് സാക്ഷരതാ പ്രവർത്തനങ്ങൾക്കായി ഹോണറേറിയം കൈപ്പറ്റുന്ന ജീവനക്കാർക്കാണ് വീണ്ടും സാക്ഷരത സർവ്വേ ക്രോഡീകരണം നടത്തുന്നതിന് പദ്ധതി ഫണ്ടിൽ നിന്ന് തുക നൽകിയിട്ടുള്ളത്. പതിമൂന്നാം പദ്ധതി മാർഗരേഖയിലെ (ജി.ഒ.(എം.എസ്) 72/2017/തസ്വഭവ തീയതി-29.3.2017) പദ്ധതി പ്രകാരം ഏതെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയത് എന്ന് വ്യക്തമല്ല. സാക്ഷരതാ മിഷൻ നടത്തുന്ന പ്രവർത്തനങ്ങളായ സർവ്വേ, സാക്ഷരത ക്ലാസ്സ് തുടങ്ങിയവയ്ക്ക് ഗ്രാമപഞ്ചായത്തും പ്രൊജക്ട് രൂപീകരിച്ച് സമാന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത് മാർഗനിർദേശങ്ങൾക്ക് അനുസൃതമല്ല. കൂടാതെ അനുവദനീയ ഇനങ്ങളായ കോഴ്സ് ഫീ, പരീക്ഷാ ഫീസ്, രജിസ്ട്രേഷൻ ഫീസ് എന്നിവ പ്രൊജക്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും നടപ്പിലാക്കിയിട്ടില്ല. സർവ്വേ നടത്തി കണ്ടെത്തിയവരിൽ എത്ര പേർക്ക് സാക്ഷരതാ ക്ലാസ്സുകൾ നൽകി എന്നും തുല്യതാപരീക്ഷയ്ക്ക് ഹാജരായി എന്നതിനും രേഖകളില്ല.

പദ്ധതി ആസൂത്രണ, നിർവ്വഹണ, പൂർത്തീകരണ ഘട്ടങ്ങളിൽ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയും, വർക്കിംഗ് ഗ്രൂപ്പും കാര്യക്ഷമമായ ഇടപെടലുകൾ നടത്തിയിട്ടില്ലാത്തതിനാലാണ് പദ്ധതി നിർവ്വഹണത്തിൽ ഇത്തരത്തിലുള്ള ന്യൂനതകൾ ഉണ്ടാവുന്നത്.

ഓഡിറ്റ് എൻക്വയറിക്ക് (2/14.5.19) നൽകിയ മറുപടിയിൽ പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കാണ് തുക ചെലവഴിച്ചത് എന്നാണ് മറുപടി നൽകിയിട്ടുള്ളത്. പദ്ധതി മാർഗരേഖയിലെ വ്യവസ്ഥകൾക്കനുസൃതമായി മാത്രം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. സർവ്വേ റിപ്പോർട്ടുകൾ ക്രോഡീകരിക്കുന്നതിനായി സാക്ഷരതാ പ്രവർത്തകർക്ക് നൽകിയ 10552 രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

# 3-15 പി.എം.സി പ്രവർത്തനത്തിൽ മാർഗരേഖയിലെ നിർദേശങ്ങൾ പാലിക്കേണ്ടതാണ്

പാലിയേറ്റീവ് മാനേജ്മെന്റ് കമ്മിറ്റി രണ്ട് മാസത്തിലൊരിക്കലോ, ഇടവേളകളിൽ ആവശ്യാനുസരണമോ യോഗം ചേർന്ന് തങ്ങളുടെ പരിധിയിൽ നടക്കുന്ന പാലിയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും പോരായ്മകൾ പരിഹരിക്കുന്നതിനും, പരിമിതികൾ മറികടക്കുന്നതിനും ആവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതുമാണ് എന്ന് ജി. ഒ. (ആർ. ടി ) 3217/2015 ത.സ്വ.ഭ.വ. 29.10.15 – നമ്പർ ഉത്തരവിൽ (പാലിയേറ്റീവ് പരിചരണ മാർഗരേഖ) വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ കണ്ണാടി ഗ്രാമപഞ്ചായത്തിന്റെ പി.എം.സി. 2017-18 വർഷത്തിൽ മൂന്നു തവണ മാത്രമാണ് കൂടിയിട്ടുള്ളത്. ഓരോ മാസത്തെയും പ്രതിമാസ അവലോകന റിപ്പോർട്ടും വരവ് -ചെലവ് കണക്കും മെമ്പർ സെക്രട്ടറി ഓരോ യോഗത്തിലും അവതരിപ്പിക്കേണ്ടതാണ്. യോഗം റിപ്പോർട്ട് വിലയിരുത്തി അംഗീകാര യോഗ്യമെങ്കിൽ അംഗീകരിക്കേണ്ടതുമാണ്. ഇത് കൂടാതെ ഓരോ ദ്വൈമാസ യോഗത്തിലും അടുത്ത രണ്ട് മാസത്തേക്കുള്ള പ്രവർത്തന രൂപരേഖ തയ്യാറാക്കേണ്ടതാണ്.പി.എം.സിയുടെ പ്രവർത്തനത്തിൽ മാർഗരേഖയിലെ നിർദേശങ്ങൾ പാലിക്കേണ്ടതാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | പ്രോജക്ടിന്റെ പേര് | മുന്നിരിപ്പ് | ലഭിച്ച തുക | ആകെ | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 0 | 160000 | 160000 | 160000 | 0 |
| | ഉഴവുകൂലി സബ്സിഡി | 0 | 60000 | 60000 | 0 | 60000 |
| ബ്ലോക്ക് പഞ്ചായത്ത് | ഉഴവുകൂലി സബ്സിഡി | | 646000 | | 646000 | 0 |
| | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | | 100000 | | 100000 | 0 |
| | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 1600 | 200000 | 201600 | 199998 | 1602 |
| | ലൈഫ് മിഷൻ | 0 | 580000 | 580000 | 67537 | 512463 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 165/18- എസ്.സി കോളനികളിൽ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 31/30.1.18 | 43799 | ലഭ്യമല്ല | ലഭ്യമല്ല |
| | 166/18 പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 38/16.3.18 | 105489 | | |
| | 169/18 വിവിധ വാർഡുകളിൽ വൈദ്യുതി ലൈൻ വലിക്കൽ | 30/30.1.18 | 490146 | | |
| | | 26/30.11.17 | 11200 | | |
| | 114/18 എസ്.സി കോളനികളിൽ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 27/30.11.17 | 33656 | | |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും നൽകിയിട്ടില്ല.

# 4-4 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

# 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1355500 |
| തൻവർഷം നിക്ഷേപിച്ച തുക (പലിശ) | 123000 |
| ആകെ | 1478500 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 1478500 |

<u>വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു</u>

| ക്രമ നം | സ്ഥാപന ത്തിന്റെ പേര് (ബാങ്ക്/ ട്രഷറി/ പോസ്റ്റ് ഓഫീസ്....) | നിക്ഷേ പിച്ച തിയതി | കാലയളവ് | തുക |
|---|---|---|---|---|
| 1 | ട്രഷറി ടേം ഡെപ്പോസിറ്റ് നം 45042 | 22.11.17 | 1 വർഷം | 1478500 |

# 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

# 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ ഇല്ല.

# 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ചാർജ്ജ് സർചാർജ്ജ് നടപടികളിലൂടെ തൻവർഷം തുകയൊന്നും ഈടാക്കിയിട്ടില്ല.

# 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 62043710 |
| ഓഡിറ്റ് വർഷത്തെആകെ ചെലവ് | 69042318 |
| വരവിനങ്ങളിലുള്ള നഷ്ടം | 656 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 105890 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 962671 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-3 | 656 | | ശ്രീ.ഹരേഷ്.കെ.ഡി. സെക്രട്ടറി |
| 3-1 | | 55890 | ശ്രീ.ഹരേഷ്.കെ.ഡി. സെക്രട്ടറി |
| 3-12 | | 50000 | ശ്രീമതി.ജലജകുമാരി അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ | 656 | 105890 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 152475 | ശ്രീ.ഹരേഷ്. കെ.ഡി. സെക്രട്ടറി |
| 3-3 | 375000 | ശ്രീ.ഹരേഷ്. കെ.ഡി. സെക്രട്ടറി |

| | | |
|---|---|---|
| 3-6 | 424644 | ശ്രീമതി.ജയലക്ഷ്മി<br><br>ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| 3-14 | 10552 | ശ്രീമതി. ലൈല.പി.കെ ഹെഡ്മാസ്റ്റർ |
| ആകെ | 962671 | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഒന്നുമില്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഒന്നുമില്ല

<u>(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ഹരേഷ്.കെ.ഡി സെക്രട്ടറി | പെർഫോമൻസ് ഓഡിറ്റ് വിംഗ് പാലക്കാട് | പേരാലിക്കളം മഞ്ഞപ്ര പാലക്കാട് |
| ശ്രീമതി.ജയലക്ഷ്മി<br><br>ഡയറി എക്സ്റ്റൻഷൻ ഓഫീസർ | പരപ്പ ബ്ലോക്ക് പഞ്ചായത്ത്<br><br>കാസറഗോഡ് | കൃഷ്ണാഞ്ജലി തോട്ടപ്പടി മണ്ണുത്തി തൃശ്ശൂർ |
| ശ്രീമതി.ലൈല.പി.കെ എച്ച്.എം ജി.എൽ.പി.എസ്, കടകുറിശ്ശി | ഹെഡ്മാസ്റ്റർ ജി.എൽ.പി.എസ് കണ്ണാടി | മുറിക്കാവ് വെസ്റ്റ് യാക്കര പാലക്കാട് |
| ശ്രീമതി.ജലജ കുമാരി അസിസ്റ്റന്റ് സെക്രട്ടറി | ലഭ്യമായില്ല | R J BHAVAN Vallathala ponnambi Vellarada (PO) Thiruvananthapuram |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1997-98 | LF.P7-748/89/7.6.01 | മുഴുവൻ | ഫർദർ റിമാർക്സ് |
| 1998-99 | LF.P7-648/01/7.7.01 | മുഴുവൻ | സർചാർജ് പ്രൊപ്പോസൽ |
| 1999-2000 | LF.P7-793/04/5.11.05 | മുഴുവൻ | ഫർദർ റിമാർക്സ് |
| 2000-01 | LF.P7-793/04/5.11.05 | മുഴുവൻ | ഫർദർ റിമാർക്സ് |
| 2001-02 | LF.P7-762/06/19.2.07 | മുഴുവൻ | ഓഡിറ്റ് റിപ്പോർട്ട് |
| 2002-03 | LF.P7-763/06/19.2.07 | മുഴുവൻ | ഓഡിറ്റ് റിപ്പോർട്ട് |
| 2003-04 | LF.2091/Spl.Cell/22.7.08 | മുഴുവൻ | തുക ഈടാക്കുന്നത് സംബന്ധിച്ച് |
| 2004-05 | LF.P15-1511/10 | മുഴുവൻ | ശുദ്ധിപത്രം |
| 2005-06 | LF.P15-1345/10/18.11.10 | മുഴുവൻ | ഫർദർ റിമാർക്സ് |
| 2006-07 | LF.P15-1607/12/10.9.12 | മുഴുവൻ | ഖ. 3(5) സാധൂകരണം |
| 2007-08 | LF.P15-1749/11/26.12.11 | മുഴുവൻ | സർചാർജ് പ്രൊപ്പോസൽ |
| 2008-09 | LF.P15-1605/12/23.12.12 | മുഴുവൻ | സർചാർജ് പ്രൊപ്പോസൽ |
| 2009-10 | LF.P15-946/14/03.09.14 | മുഴുവൻ | ഫർദർ റിപ്പോർട്ട്/ സർചാർജ് ശുപാർശ |
| 2010-11 | LF.P15-946/14/03.09.14 | മുഴുവൻ | ഫർദർ റിപ്പോർട്ട്/ സർചാർജ് ശുപാർശ |
| 2011-12 | LF.P15-946/14/03.09.14 | മുഴുവൻ | ഫർദർ റിപ്പോർട്ട്/ |

| | | | |
|---|---|---|---|
| | | | സർചാർജ് ശുപാർശ |
| 2012-13 | LF.P15-2250/14/09.03.15 | മുഴുവൻ | ഓഡിറ്റ് റിപ്പോർട്ട് |
| 2013-14, 2014-15 | K.S.A- P.K.D/15/591/ 2016/11.7.2016 | മുഴുവൻ | ഓഡിറ്റ് റിപ്പോർട്ട് |
| 2015-16 | KSA PKD/15/2136/16/29-12-16 | മുഴുവൻ | ഓഡിറ്റ് റിപ്പോർട്ട് |
| 2016-17 | കെ.എസ്.എ.- പി.കെ.ഡി15/1886/2017 | 20 | ഓഡിറ്റ് റിപ്പോർട്ട് |

ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് /നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ സ.ഉ (സാധാ) 1413/ 2018/ത.സ്വ.ഭ.വ നമ്പർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കണ്ണാടി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

<u>2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ</u>

1. ആസ്തി രജിസ്റ്റർ കാലികമാക്കി ബാലൻസ് ഷീറ്റുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.
2. വസ്തുനികുതി : സഞ്ചയ സോഫ്റ്റ്വെയറിലെയും വാർഷിക കണക്കിലെയും തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.
3. മൂന്ന് മാസത്തിലധികമായി എൻകാഷ് ചെയ്യാത്ത ചെക്കുകൾ Liability in respect of stale cheque എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.
4. ആസ്തികൾക്ക് തൻവർഷത്തേക്കുള്ള ഡിപ്രിസിയേഷൻ നൽകിയിട്ടില്ല.
5. തൻവർഷ കുടിശ്ശിക തുകകൾക്ക് ഇൻകം ആന്റ് എക്സ്പെന്റിച്ചർ അക്കൗണ്ടിൽ തൻവർഷത്തേക്കുള്ള പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.
6. ബാലൻസ് ഷീറ്റ് B-8 ഷെഡ്യൂളിൽ 2000/- രൂപ Deposit work- others എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.
7. വൈദ്യുതി ബോർഡിൽ ഡെപ്പോസിറ്റ് പ്രവർത്തികൾക്കായി നിക്ഷേപിച്ചതും വിനിയോഗ വിവരം ലഭ്യമായിട്ടില്ലാത്തതുമായ തുകകൾ Advance to implementing officers എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം -2 വാർഷികകണക്ക് പത്രികകൾ

RECEIPTS & Payments account For the period from 01-April-2017 to 31-March-2018

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 13461215.00 |
| Cash | Cash | RP-40(a) | 131680.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1679360.00 |
| 130000000 | Rental income from Panchayat Properties | RP-3 | 74400.00 |
| 140000000 | Fees & User Charges | RP-4 | 673248.00 |
| 150000000 | Sale & Hire Charges | RP-5 | 138287.00 |
| 151000000 | Receipts from Transferred Institutions | RP-6 | 822587.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 45829616.00 |
| 171000000 | Interest Earned | RP-9 | 187792.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 4898302.00 |
| 350000000 | Other Liabilities | RP-36 | 945914.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 8190.00 |
| 340000000 | Deposits Received | RP-34 | 280025.00 |
| 350000000 | Other Liabilities | RP-36 | 252354.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 5735035.00 |
| 460000000 | Loans, Advances and Deposits | RP-47 | 518600.00 |
| | Grand total | | 75636605.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3056547.00 |
| 220000000 | Administrative Expenses | RP-12 | 1073274.00 |
| 230000000 | Operations & Maintenance | RP-13 | 2754637.00 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 3395741.00 |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 12930962.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 496000.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | RP-18 | 171413.00 |

| | | | |
|---|---|---|---|
| 254000000 | Expenditures of Transferred institutions and State Sponsored | RP-19 | 1789011 |
| | Schemes | | |
| 255000000 | Maintenance Projects | RP-20 | 10310140.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 328467.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 20500.00 |
| 280000000 | Prior Period item | RP-26 | -41500.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 3034456.00 |
| 350000000 | Other Liabilities | RP-36 | 8621636.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 2580.00 |
| 280000000 | Prior Period Item | RP-26 | 3218.00 |
| 340000000 | Deposits Received | RP-34 | 34634.00 |
| 350000000 | Other Liabilities | RP-36 | 2251504.00 |
| 410000000 | Fixed Assets | RP-38 | 8021754.00 |
| 412000000 | Capital work in Progress | RP-40 | 200000.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 9818494.00 |
| 460000000 | Loans, Advances and Deposits | RP-47 | 768850.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 6527244.00 |
| Cash | Cash | RP-40(b) | 67043.00 |
| | Grand Total | | 75636605.00 |

Kannadi Grama Panchayat
INCOME & EXPENDITURE STATEMENT

For the period from 01-April-2017 to 31-March-2018

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 5661101.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 463083.00 |
| 140000000 | Fee & User Charges | I-4(b) | 1160548.00 |
| 150000000 | Sale & Hire Charges | I-5(b) | 138287.00 |
| 151000000 | Receipts from Transferred Institutions | I-5(a) | 822587.00 |
| 160000000 | Revenue Grants, Funds, | I-6 | 90307850.00 |

| | | | |
|---|---|---|---|
| | Contributions & Compensations / Subsidies | | |
| 170000000 | Income from Investments | I-7 | 123000.00 |
| 171000000 | Interest Earned | I-8 | 187792.00 |
| 180000000 | Other Income | I-9 | 8190.00 |
| | Total Income | | 98872438.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 9067588.00 |
| 220000000 | Administrative Expenses | I-11(b) | 1073274.00 |
| 230000000 | Operations & Maintenance | I-12(b) | 2754637.00 |
| 240000000 | Interest & Finance Charges | I-13 | 2580.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 5862247.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 22708493.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 496000.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 171413.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 44147425.00 |
| 255000000 | Maintenance Projects | I-14(e) | 10310140.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 328467.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 20500.00 |
| | Total Expenditure | | 96942764.00 |
| | Gross Surplus/ Deficit of income over Expenditure | | 1929674.00 |
| 280000000 | Prior Period Item | I-18 | 591075.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 1338599.00 |

Kannadi
Grama
Panchayat
BALANCE
SHEET

For the period from 01-April-2017 to 31-March-2018

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 21791024.60 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 6315.00 |
| 312000000 | Reserves | B-3 | 36324201.00 |
| | Total Reserve & Surplus | | 58121540.60 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 2736113.00 |
| | Total Grants, Contributions for Specific Purposes | | 2736113.00 |
| | Loans | | |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 873246.00 |
| 341000000 | Deposits Works | B-8 | 2000.00 |
| 350000000 | Other Liabilities | B-9 | 839790.40 |
| | Total Current Liabilities and Provisions | | 1715036.40 |
| | TOTAL LIABILITIES | | 62572690.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 40797916.00 |
| 411000000 | Accumulated Depreciation | B-11 | 0.0 |
| 412000000 | Capital Work in Progress | B-11(a) | 491145.00 |
| | Total Fixed Assets | | 41289061.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 1478500.00 |
| | Total Investments | | 1478500.00 |
| | Current Assets, Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 13088592.00 |
| 450000000 | Cash and Bank Balance | B-17 | 6594287.00 |
| 460000000 | Loand, Advances and Deposits | B-18 | 122250.00 |
| | Total Current Assets, Loans and Advances | | 19805129.00 |
| | Other Assets | | |